# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുതാഴം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ/സി.2/1791/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 14/12/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുതാഴം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ/സി.2/1791/2023 തീയ്യതി: 14/12/2023

## കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-01-2023 മുതൽ 19-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 20-11-2023 | 28-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-11-2023 | 28-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ലീലാകൃഷ്ണൻ എൻ എം,ഓഡിറ്റ് ഓഫീസർ
ശ്രീ.മനോജ് കുമാർ ടി ജോർജ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ധന്യ എംവി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ശ്രീനാഥ് വി,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.ശ്രീധരൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സതീശൻ.കെ.വി | സെക്രട്ടറി | 01-04-2022 | 01-10-2022 |
| ശ്രീ.ദിലീപ് പുത്തലത്ത് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-10-2022 | 09-10-2022 |
| ശ്രീ.പ്രേമൻ പി കെ | സെക്രട്ടറി | 10-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അനിത സി ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ലത.എം. പി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ബീന.പി.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.ദിലീപ് പുത്തലത്ത് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.ശബ്ന പി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.ടി ആർ രാജേഷ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-05-2022 |
| ശ്രീമതി.മിനി നാരായണൻ പി വി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-06-2022 | 31-03-2023 |
| ശ്രീ.നാരായണൻ പി | കൃഷി ഓഫീസർ | 01-04-2022 | 09-08-2022 |
| ശ്രീ.ജയരാജൻ നായർ കെ | കൃഷി ഓഫീസർ | 10-08-2022 | 31-03-2023 |
| ഡോ.രഞ്ജിത്ത് കുമാർ ടി | മെഡിക്കൽ ഓഫീസർ(എഫ്എച്ച്സി) | 01-04-2022 | 31-03-2023 |
| ഡോ.പ്രവ്യ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ശ്രീനിഷ് കൃഷ്ണ ബി കെ | വെറ്റിനറി സർജൻ | 01-04-2022 | 07-02-2023 |
| ഡോ.സമീർ കെ | വെറ്റിനറി സർജൻ | 08-02-2023 | 14-03-2023 |
| ഡോ.ബിനിത മറിയം ബേബി | വെറ്റിനറി സർജൻ | 15-03-2023 | 31-03-2023 |
| ശ്രീ.ജിതേഷ് കെ.പി. | വി.ഇ.ഒ. (മണ്ടൂർ സർക്കിൾ) | 01-04-2022 | 14-10-2022 |
| ശ്രീമതി അമൃത ജി.എ. | വി.ഇ.ഒ. (മണ്ടൂർ | 15-10-2022 | 26-10-2022 |

| | | | |
|---|---|---|---|
| | സർക്കിൾ - അധിക ചുമതല) | | |
| ശ്രീ.അനീഷ് കുമാർ ടി. | വി.ഇ.ഒ. (മണ്ടർ സർക്കിൾ) | 27-10-2022 | 21-11-2022 |
| ശ്രീമതി അമൃത ജി.എ. | വി.ഇ.ഒ. (മണ്ടർ സർക്കിൾ - അധിക ചുമതല) | 22-11-2022 | 03-01-2023 |
| ശ്രീ.ഐറിൻ രാജ് ആർ | വി.ഇ.ഒ. (മണ്ടർ സർക്കിൾ) | 04-01-2023 | 31-03-2023 |
| ശ്രീ.ജിതേഷ് കെ.പി. | വി.ഇ.ഒ. (ചെറുതാഴം സർക്കിൾ - അധിക ചുമതല) | 01-04-2022 | 05-07-2022 |
| ശ്രീമതി അമൃത ജി.എ. | വി.ഇ.ഒ. (ചെറുതാഴം സർക്കിൾ) | 06-07-2022 | 08-02-2023 |
| ശ്രീ.ഐറിൻ രാജ് ആർ | വി.ഇ.ഒ. (ചെറുതാഴം സർക്കിൾ) | 09-02-2023 | 27-02-2023 |
| ശ്രീ.അരുൺ കുമാർ എം. | വി.ഇ.ഒ. (ചെറുതാഴം സർക്കിൾ) | 28-02-2023 | 31-03-2023 |

02-10-2022ന് സെക്രട്ടറി തസ്തിക ഒഴിവ്

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ദുരിതാശ്വാസ നിധി നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-1 |
| 3 | അനുബന്ധ പത്രിക സമർപ്പിച്ചിട്ടില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിൽ അപാകം | 1-1-4 |
| 6 | ബിൽഡിംഗ് പെർമിറ്റ് വരവ് ഡിമാൻഡ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | സ്ഥിര നിക്ഷേപം ഇനത്തിലുള്ള നീക്കിയിരിപ്പ് ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | ബി18 ഷെഡ്യൂൾ അപൂർണ്ണം | 1-1-8 |
| 10 | വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-9 |
| 11 | ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-10 |
| 12 | വാടക രജിസ്റ്റർ പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. | 1-1-11 |
| 13 | ബാധ്യത ഇല്ലാത്ത വായ്പയുടെ തുക കുറവ് ചെയ്തു | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമപദ്ധതികൾ | 1-7 |
| 20 | ക്ഷേമ പെൻഷൻ അനുവദിച്ചതിലെ അപാകങ്ങൾ. | 1-7-1 |
| 21 | കാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | ഗ്രാമസഭ | 1-10 |
| 24 | ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല. | 1-11 |
| 25 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ. | 1-12 |
| 26 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് - അപാകങ്ങൾ. | 1-13 |

| | | |
|---|---|---|
| 27 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ വ്യത്യാസം - നികുതി ചോർച്ചക്ക് സാധ്യത | 1-14 |
| 28 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-15 |
| 29 | എ.ബി.സി. പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. 100000 രൂപ തടസപ്പെടുത്തുന്നു. | 1-16 |
| 30 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമേശ, കസേര - പദ്ധതി അപാകങ്ങൾ - 65800 രൂപ തടസ്സപ്പെടുത്തുന്നു. | 1-17 |
| 31 | തുടർ സാക്ഷരതാ പദ്ധതി - അപാകങ്ങൾ | 1-18 |
| 32 | സമ്പൂർണ്ണ സെക്കണ്ടറി പഞ്ചായത്ത് - പത്താമുദയം - അപാകങ്ങൾ | 1-19 |
| 33 | ഫാമിലി ഹെൽത്ത് സെന്ററിലേക്ക് ജനറേറ്റർ വാങ്ങൽ - ₹4,97,893 തടസ്സപ്പെടുത്തുന്നു | 1-20 |
| 34 | സാന്ത്വന പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ. | 1-21 |
| 35 | സ്ത്രീ പദവി പഠനം- തുടർ നടപടികൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല - ₹20308 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 36 | ഹോമിയോ ആശുപത്രിക്ക് റാക്ക്, ഇൻവേർട്ടർ പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ - 19700 രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 37 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ₹5,23,417 തടസ്സപ്പെടുത്തുന്നു | 1-24 |
| 38 | ലോൺ ബാധ്യത ഇല്ലായിരുന്നിട്ടും സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്തു | 1-25 |
| 39 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ (കുടുംബ ആരോഗ്യ കേന്ദ്രം,ചെറുതാഴം , ഗവ.ഹോമിയോ ഡിസ്പെൻസറി, ചെറുതാഴം)വാർഷികവരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിലെ വീഴ്ച. | 1-26 |
| 40 | നിങ്ങൾക്കുമാകാം സർക്കാർ ഉദ്യോഗസ്ഥൻ - പദ്ധതി അപാകങ്ങൾ - ₹1,00,000 തടസ്സപ്പെടുത്തുന്നു | 1-27 |
| 41 | ധനകാര്യ കമ്മീഷൻ ടൈഡ് ഫണ്ട് ഉപയോഗിച്ച് വെള്ളക്കരം ഒടുക്കി. 146148 രൂപ തടസപ്പെടുത്തുന്നു. | 1-28 |
| 42 | സ്ട്രീറ്റ് ലൈറ്റ് എ.എം.സി -അധിക തുക അനുവദിച്ചു - 83000 രൂപ നിരാകരിക്കുന്നു - 367000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-29 |
| 43 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. 375103 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. | 1-30 |
| 44 | ലൈബ്രറി സെസ് യഥാ സമയം ഒടുക്കേണ്ടതാണ്. | 1-31 |
| 45 | അങ്കണവാടി പോഷകാഹാരം-ജി എസ് ടി-ടി ഡി എസ് കുറവ് ചെയ്തില്ല | 1-32 |
| 46 | തനത് വരുമാനം- അവലോകനം | 1-33 |

| | | |
|---|---|---|
| 47 | അറത്തിപ്പറമ്പ് വാതക ശ്മശാനം -രേഖകളും മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ് - 451094 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-34 |
| 48 | ഗോവർദ്ധൻ പദ്ധതി (നം.എസ്.ഒ 32/23)-പദ്ധതി ആസൂത്രണത്തിലെ അശാസ്ത്രീയത-പദ്ധതി ലക്ഷ്യം കണ്ടില്ല | 1-35 |
| 49 | ക്ഷീര കർഷകർക്ക് പാലിന് അധിക വില നല്കൽ-വ്യത്യസ്ത നിരക്കിൽ അനുവദിച്ചു | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സ്ട്രീറ്റ് ലൈറ്റ് എ.എം.സി -അധിക തുക അനുവദിച്ചു - 83000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1)കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ചെറുതാഴം ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 20-07-2023 തീയ്യതിയിലെ 1/2023 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 21-07-2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെറുതാഴം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

കണ്ണൂർ,
14.12.2023.

### 1-1-1 ദുരിതാശ്വാസ നിധി നീക്കിയിരിപ്പിൽ വ്യത്യാസം

ദുരിതാശ്വാസ നിധി ഇനത്തിലുള്ള നീക്കിയിരിപ്പ് ബി2 ഷെഡ്യൂൾ പ്രകാരം ₹ 148545 ആണ്. എന്നാൽ ബി 17, ആർ.പി. 40 (ബി), എന്നിവ പ്രകാരം ₹ 129045 ആണ്.

### 1-1-2 അനുബന്ധ പത്രിക സമർപ്പിച്ചിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-3 ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ പൂർത്തിയാക്കി വരുന്നുവെന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (എൻക്വയറി നമ്പർ-7/24-11-23) ഗ്രാമ പഞ്ചായത്ത് അറിയിച്ചത്.

### 1-1-4 ക്യാഷ് ഫ്ലോ പത്രികയിൽ അപാകം

ക്യാഷ് ഫ്ലോ പത്രികയിലെ ആ വർഷത്തെ ആകെ ക്യാഷ് ഫ്ളോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹ 23663784 ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activities (A+B+C)" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹188204583 ആണ്. ഇത് സംബന്ധിച്ച് ഐ.കെ.എമ്മിൽ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് സെക്രട്ടറി മറുപടി നൽകി.

### 1-1-5 ബിൽഡിംഗ് പെർമിറ്റ് വരവ് ഡിമാൻഡ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ബിൽഡിംഗ് പെർമിറ്റ് വരവ് ഡിമാൻഡ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ആർ.പി4, ഐ-4 എന്നിവ പ്രകാരം പെർമിറ്റ് ഫീ ഇനത്തിലുള്ള ആകെ വരവ് ₹559990 ആണ് ആകെ വരവ്. എന്നാൽ ഡിമാൻഡ് രജിസ്റ്റർ പ്രകാരം 547522+10200 (പുതുക്കൽ)= 557722 ആണ്. ആകെ വരവ് വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

### 1-1-6 സ്ഥിര നിക്ഷേപം ഇനത്തിലുള്ള നീക്കിയിരിപ്പ് ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

സ്ഥിര നിക്ഷേപം ഇനത്തിലുള്ള നീക്കിയിരിപ്പ് തുക ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ബി12 ഷെഡ്യൂൾ പ്രകാരം സ്ഥിര നിക്ഷേപങ്ങൾ ₹43357008 ആണ്. എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം ഇത് ₹43916545 ആണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

### 1-1-7 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ഇനത്തിൽ 10-03-2023ന് ₹4,20,000 ചെലവഴിച്ചിട്ടുണ്ട്. (BRN No-22190452003301177649/10-03-2023) ഈ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-8 ബി18 ഷെഡ്യൂൾ അപൂർണ്ണം

ബി18 ഷെഡ്യൂൾ അപൂർണ്ണമാണ്. 2022-23 വർഷത്തിൽ 566923 രൂപ നിക്ഷേപ പ്രവൃത്തികളുമായി ബന്ധപ്പെട്ട് മുൻകൂർ നൽകിയിരുന്നു. ഇതിൽ 375103 രൂപയ്ക്ക് നാളിതു വരെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. 191820 രൂപയ്ക്ക് 2023-24 വർഷത്തിലാണ് വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചത്. ആയതു കൊണ്ടു തന്നെ 566923 രൂപ ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ ഈ തുക ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-9 വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

320100999 Other Liabilities എന്ന ഹെഡ്ഡിൽ ആർ.പി.30, ബി4 ഷെഡ്യൂളുകളിൽ ₹ 37800 രേഖപ്പെടുത്തിയിരിക്കുന്ന പ്രസ്തുത ഹെഡ്ഡിൽ തലേ വർഷത്തെ ബി4 ഷെഡ്യൂളിൽ ₹239827 ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുക ഏതു വർഷത്തിൽ ഏതിനത്തിൽ ലഭിച്ചതാണെന്ന് വ്യക്തമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. 2022-23 വർഷത്തിൽ ക്രമീകരിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

### 1-1-10 ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

### 1-1-11 വാടക രജിസ്റ്റർ പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2022-23 വർഷത്തെ വാടക ഡിമാൻഡ് രജിസ്റ്റർ പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-1-12 ബാധ്യത ഇല്ലാത്ത വായ്പയുടെ തുക കുറവ് ചെയ്തു

പഞ്ചായത്തിന് നിലവിൽ വായ്പകൾ ഇല്ല. എന്നാൽ സ്രോതസ്സിൽ നിന്നും 711436 രൂപ കുറവ് ചെയ്തു. വിശദാംശങ്ങൾ ഖണ്ഡിക 1-26-ൽ ചേർത്തിട്ടുണ്ട്.

## 1-2 ബജറ്റ്

ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.03.2022 തീയതിയിലെ 01/2022 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ07.03.2023 തീയതിയിലെ 01/23നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 5197757 | 55542078 |
| വരവ് | 304998538 | 272253109 |
| ആകെ | 310196295 | 327795187 |
| ചെലവ് | 302807527 | 265906596 |
| നീക്കിയിരിപ്പ് | 7388768 | 61888591 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹31,387,034 |
| വരവ് | ₹7,23,08,145 |
| ആകെ | ₹10,36,95,179 |
| ചെലവ് | ₹4,86,44,361 |
| നീക്കിയിരിപ്പ് | ₹5,50,50,818 |
| വരവിനങ്ങളിലുള്ള നഷ്ടം | കണക്കാക്കിയിട്ടില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹83000 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹2666463 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 23379000 | 23379000 | 22707195 | 671805 |
| വികസന ഫണ്ട് (എസ്.സി.പി.) | - | 3797000 | 3797000 | 3797000 | - |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 16094000 | 16094000 | 16094000 | - |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 5572000 | 5572000 | 5392441 | 179559 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 3517362 | 4401598 +233940 പലിശ | 8152900 | 7109453 | 1043447 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 5035100 | 8954500 | 13989600 | 5257946 | 8731654 |
| ഐ.സി.ഡി.എസ് | 277737 | 1864864 | 2142601 | 533001 | 1609600 |
| എസ്.എസ്.എ | 182976 | 7393 | 190369 | - | 190369 |
| ടി.എസ്.സി | ,1417508 | 214393 | 1631901 | 878401 | 753500 |

| | | | | | |
|---|---|---|---|---|---|
| ടോട്ടൽ സാനിറ്റേഷൻ എസ്.ബി.എം. ഫണ്ട് | 25007 | - | 25007 | - | 25007 |
| വിമുക്തി | 32040 | - | 32040 | - | 32040 |
| എം.പി. ഫണ്ട് | 48093 | 1398 | 49491 | 71 | 49420 |
| പൈക്ക | 100000 | - | 100000 | - | 100000 |
| മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള വിവിധോദ്ദേശ്യഗ്രാന്റുകൾ (ലൈഫ് സംസ്ഥാന വിഹിതം) | 9,70,000 | 2229623 | 3199623 | 760000 | 2439623 |
| കേന്ദ്രാവിഷ്ക്ക വിഹിതം-ഹരിത അവാർഡ് | 417896 | - | 417896 | - | 417896 |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | - | 239574 | 239574 | - | 239574 |

## 1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2022-23 | 227 | 161 | 35 | 126 | 66 | 55.51 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 39 | 25 | 14158766 | 7032609 | 49.67 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 07 | 06 | 2671826 | 2293355 | 85.83 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 100 | 66 | 63610155 | 33304566 | 52.36 |
| 4 | കൃഷി ഓഫീസർ | 10 | 10 | 11923731 | 9739848 | 81.68 |
| 5 | വി.ഇ.ഒ. | 25 | 17 | 42034897 | 12106780 | 28.8 |
| 7 | മെഡിക്കൽ ഓഫീസർ CHC | 12 | 08 | 3731735 | 2816140 | 75.46 |
| 8 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 05 | 05 | 1777000 | 1769815 | 99.6 |
| 9 | വെറ്റിനറി സർജൻ | 06 | 04 | 2330755 | 1014375 | 43.52 |

| | | | | | | |
|---|---|---|---|---|---|---|
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 09 | 8057122 | 6725074 | 83.47 |
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01 | 01 | 2115000 | 1869246 | 88.38 |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01 | 01 | 100000 | 47000 | 47 |
| 13 | ഹെഡ് മാസ്റ്റർ | 11 | 09 | 1503318 | 1227214 | 81.63 |
| | ആകെ | 227 | 161 | 154014305 | 79946022 | 51.91 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഭരണ ചെലവ് | 879 | 1011208 | 1012087 | 444304 | 567783 |
| തൊഴിൽകൂലി + മെറ്റീരിയൽ | - | 43154000 | 43154000 | 43154000 | - |
| ആകെ | 879 | 44165208 | 44166087 | 43598304 | 567783 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (₹) |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 609 | 5811400 |
| വിധവാ പെൻഷൻ | 1163 | 11149100 |
| വാർദ്ധക്യകാല പെൻഷൻ | 2319 | 20022100 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 336 | 3475200 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 88 | 846400 |

### 1-7-1 ക്ഷേമ പെൻഷൻ അനുവദിച്ചതിലെ അപാകങ്ങൾ.

ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷ കാലത്ത് ഈ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധിച്ചതിൽ ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്.

1. ചെറുതാഴം ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കൾ

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | മാണിക്കം എൻ പി | 110960100503 | കർഷക തൊഴിലാളി പെൻഷൻ | 10.05.2022 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2022 ജൂൺ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 2 | രാജൻ പി | 110960202139 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 23.03.2022 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2022 ഏപ്രിൽ മാസം വരെ പെൻഷൻ തുക |

| | | | | | |
|---|---|---|---|---|---|
| | | | | | ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 3 | നാരായണൻ എം | 110960201632 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 04.03.2022 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2022 ഏപ്രിൽ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |

2. ചെറുതാഴം ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട , മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | തദ്ദേശ സ്വയംഭരണ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പാറു കെ പി | 111000601146 | ഇന്ദിരാ ഗാന്ധി ദേശീയ വിധവാപെൻഷൻ | 12.03.2022 | മാട്ടൂൽ ഗ്രാമ പഞ്ചായത്ത് | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2022 ജൂൺ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 2 | കൃഷ്ണൻ കുവപ്രം | 111170202315 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 26.03.2023 | ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2023 ജൂൺ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38/27.11.2023) മറുപടിയായി മാണിക്കം എൻ പി എന്ന ഗുണഭോക്താവിന് അധികമായി അനുവദിച്ച തുക തിരികെ അടവാക്കിയതിന്റെ വിശദാംശങ്ങളും രാജൻ പി, നാരായണൻ എം എന്നീ ഗുണഭോക്താക്കൾക്ക് അധികമായി അനുവദിച്ച തുക തിരിച്ചടക്കുന്നതിന് ബാങ്കുകൾക്ക് നൽകിയ കത്തിന്റെ പകർപ്പും ലഭ്യമാക്കിയിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും രണ്ട് ഗുണഭോക്താക്കൾക്ക് മരണശേഷം അനുവദിച്ച പെൻഷൻ തുക തിരികെ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. കർഷകതൊഴിലാളി പെൻഷൻ ഗുണഭോക്താക്കളുടെ അർഹത നഷ്ടപ്പെടുന്നത് അതാത് കൃഷിഭവനിൽ അറിയിക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

ധനകാര്യ (എസ് എഫ് ബി - ബി) വകുപ്പിന്റെ സർക്കുലർ നം. 63/2021/ധന തീയതി 02.08.2021 പ്രകാരം പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാരിന്റെ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10 ാം തീയതിക്കു മുൻപ് അറിയിക്കേണ്ടതും ആയത് പരിശോധിച്ച് മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് സമയബന്ധിതമായി നീക്കം ചെയ്യുന്നതിനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ചെറുതാഴം പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട ജനങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-11-2023 ന് 11.45എ.എം സമയത്ത് അക്കൌണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9297/രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണ്ണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം എന്നിവ വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും 05/22(പദ്ധതി രൂപീകരണ ഗ്രാമസഭ), 07/22, 09/22, 12/22 മാസങ്ങളിലായി 4 തവണ വീതം ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. വാർഷിക പദ്ധതി രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് , വികസന രേഖ അംഗീകരിക്കൽ, 2021-22 ലെ ഗുണഭോക്തൃപട്ടിക സാധൂകരണം, വരവു ചെലവു കണക്കുകൾ അവതരിപ്പിക്കൽ, വാതിൽപ്പടി സേവന പദ്ധതി അവലോകനം, 2022-23 സാമ്പത്തിക വർഷത്തെ ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, മഴക്കാല പൂർവ്വ ശുചീകരണം, പ്ലാസ്റ്റിക്ക് വിമുക്ത ഗ്രാമം, ഹരിത കർമ്മസേന പ്രവർത്തനാവലോകനം, വിമുക്തി- ലഹരി വിരുദ്ധ ബോധവൽക്കരണം, സമ്പൂർണ്ണ ജല ശുചിത്വ യജ്ഞം, ലൈഫ് 2020 അന്തിമ മുൻഗണനാ പട്ടിക അംഗീകരിക്കൽ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ജി ഐ എസ് ആക്ഷൻ പ്ലാൻ അപാകത പരിഹരിച്ച് അംഗീകരിക്കൽ, അഡീഷണൽ ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, 23-24 വാർഷിക പദ്ധതി രൂപീകരണം, സാമൂഹ്യ സുരക്ഷാ പെൻഷൻ ലിസ്റ്റ് അംഗീകരിക്കൽ എന്നിവയായിരുന്നു പ്രധാന അജണ്ട. സിറ്റിസൺ പോർട്ടൽ പരിചയപ്പെടുത്തൽ, എം.ജി.എൻ.ആർ.ഇ.ജി.എസ് ലേബർ ബജറ്റ് (2022-23 വർഷം), ആക് ഷൻ പ്ലാൻ അംഗീകരിക്കൽ എന്നിവയും നടന്നു.

## 1-11 ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 വരെ ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്. 2022-23 വർഷം നികുതി നിർണ്ണയം നടത്തിയ, 250 ച.മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള താഴെക്കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് എന്നിവകൊണ്ടുള്ളതാണ് എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മേൽത്തരം തറനിർമ്മിതിയുള്ള 250 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയുടെ 15% വർദ്ധനവ് കൂടി ഈടാക്കേണ്ടതുണ്ട്. എന്നാൽ ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളുടെ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല

| കെട്ടിട ഉടമയുടെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | തറ വിസ്തീർണ്ണം(ച.മീ.) |
|---|---|---|

| | | |
|---|---|---|
| പിവി മധുസൂദനൻ | 1/183 B, C, D, E, F, G | 296.07 |
| ശ്രീകുമാർ കെ | 4/97 I, J, K, L, M, N | 700.31 |
| ഡോ. പ്രദീപ് ആർ കെ എ | 4/238 B, C, D, E, F, G | 258.6 |
| കുപ്പാടക്കത്ത് തമ്പാൻ നമ്പ്യാർ | 5/ 111 B, C, D, E, F, G, H, I, J, K, L, M | 293.21 |
| അഞ്ചില്ലത്ത് സുഹറ | 5/844 A, B, C, D, E, F, G, H, I, J, K, L, N, O, P, Q, R, S, T, U, V, W, X, Y, Z, A1, A2, A3, A4 | 641.4275 |
| അമ്മങ്കോൽ നാരായണൻ | 6/390 J, K, L, M, N, O, P, Q, R, S, T, U, V, W, X, Y, Z, A1, A2, A3, A4 | 708.39 |
| കരിയാട്ട് ലക്ഷ്മണൻ | 9/9 D, E, F, G, H, I, J, K, L, N, P, Q, R, S, T, U, V, W, X | 776.94 |
| സത്രുൺ സിമ്രിത് | 11/40 D, E, F, G, H | 807.82 |
| കൊയിലേരിയൻ തങ്കമണി | 16/483 A, B, C, D, E, F, G, H, I | 259.68 |
| മഹമ്മൂദ് ബി എസ് | 17/376 A, B, C, D, E, F, G, H, I, J, K, L, M, N, O, P, Q | 486.9 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/25.11.2023) മറുപടിയായി അപാകം പരിഹരിക്കുന്നതിനായി ഐ കെ എം അധികൃതർക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി )ചട്ടങ്ങൾ ചട്ടം 16,17 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. 2022-23 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/25.11.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയത് കുറവാണ്.

| സ്ഥാപനം | പേര് | തസ്തിക | അർദ്ധ വർഷം | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| വില്ലേജ് ഓഫീസ്, ചെറുതാഴം | പവിത്രൻ കെ | പി ടി എസ് | I | 77830 | 600 രസീത് നം. 122104802 തീ 20.10.22 | 750 | 150 |

B) ഗ്രാമ പഞ്ചായത്ത് പരിധിയിലെ അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ , വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-13 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് - അപാകങ്ങൾ.

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ ഉൽപ്പാദനം, സേവനം എന്നീ രണ്ട് മേഖലകളിലായി അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/25.11.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകങ്ങൾ / നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

2) വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി,ഭരണസമിതി എന്നിവയുടെ അംഗീകാരം ലഭിച്ചിട്ടില്ല. കൂടാതെ സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. 1, 5 വാർഡുകളിലെ വാണിജ്യകെട്ടിടങ്ങളുടെ എണ്ണം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| വാർഡ് നം | ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം സ്ഥാപനങ്ങളുടെ എണ്ണം | സഞ്ചയ പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം | |
|---|---|---|---|
| 1 | 48 | ഉപയോഗക്രമം | എണ്ണം |
| | | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 70 |
| | | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 10 |
| | | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 5 |
| | | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 45 |
| | | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 8 |
| | | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 3 |
| | | ആകെ | 141 |
| 5 | 156 | ഉപയോഗക്രമം | എണ്ണം |
| | | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 519 |
| | | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 94 |
| | | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ | 1 |

| | |
|---|---|
| തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 95 |
| വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ , പെട്ടികടകൾ , കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 1 |
| അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 12 |
| വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 11 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 4 |
| ആകെ | 737 |

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കേണ്ടതും ആയതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി, ഭരണസമിതി എന്നിവയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കെട്ടിടങ്ങൾ ഒഴിഞ്ഞുകിടക്കുന്നവയാണോയെന്ന് ഫീൽഡ് പരിശോധനയിലൂടെ ഉറപ്പുവരുത്തേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ വ്യത്യാസം - നികുതി ചോർച്ചക്ക് സാധ്യത

ഗ്രാമപഞ്ചായത്തിൽ 2022-23 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചതിൽ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണെന്ന് കാണാൻ സാധിച്ചു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | വാർഡ്/കെട്ടിട നമ്പർ | ഉപയോഗക്രമം |
|---|---|---|---|---|
| 26 | പ്രീന കെ | ടയർ റീസോൾ റിപ്പയറിംഗ് | 17/439 A | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 30 | ലനീഷ് പി വി | സിമന്റ്, സ്റ്റീൽ വിൽപന | 1/296 | പാർപ്പിടാവശ്യം |
| 31 | ജോയ് അറോൺ പി | ഇലക്ട്രിക്കൽ റിപ്പയറിംഗ് | 7/637 | സഞ്ചയയിൽ ലഭ്യമല്ല |
| 34 | കടാംകോട്ട് കുഞ്ഞിക്കണ്ണൻ | അനാദിക്കട | 6/629 I | സഞ്ചയയിൽ ലഭ്യമല്ല |
| 37 | ഗോകുൽ ദാസ് | ഇംഗ്ലീഷ് മരുന്ന് വിൽപന | 17/364 | പാർപ്പിടാവശ്യം |
| 44 | സെലിസ്റ്റൻ കൊയ്യോൺ | കാന്റീൻ | 6/767 | സഞ്ചയയിൽ ലഭ്യമല്ല |
| 55 | ബിജു മേച്ചിറകത്ത് | ഫലവൃക്ഷതൈകൾ വിൽപന | 4/73 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപെട്ട കെട്ടിടങ്ങൾ |
| 66 | ഗോപിനാഥൻ കൊവ്വൽ | ടയർ വിൽപന | 17/847 | സഞ്ചയയിൽ ലഭ്യമല്ല |
| 73 | എം ഇസ്മയിൽ | തൊഴിൽ ഉപകരണങ്ങൾ | 12/327 | ആരാധനാലയങ്ങൾ |

| | | | | |
|---|---|---|---|---|
| | | വിൽപന | | |
| 89 | മിനിയാടൻ ബാബു | അനാദിക്കട | 5/327 | പാർപ്പിടാവശ്യം |
| 109 | ഷബീർ കെ പി | ഫർണിച്ചർ നിർമാണം | 13/707 | സഞ്ചയയിൽ ലഭ്യമല്ല |
| 113 | കരുണാകരൻ കെ | ഹോട്ടൽ | 16/574 C | സഞ്ചയയിൽ ലഭ്യമല്ല |
| 119 | സവിത എൻ ഷേണായ് | സൌണ്ട് സിസ്റ്റം, അനുബന്ധ സാധനങ്ങൾ സ്റ്റോക്ക് ചെയ്ത് വിൽപന | 1/452 | സഞ്ചയയിൽ ലഭ്യമല്ല |
| 120 | നരേന്ദ്രൻ വി | ഗ്യാസ് സ്റ്റോക്ക് | 2/70A, 2/570 A | സഞ്ചയയിൽ ലഭ്യമല്ല |
| 126 | കരുണാകരൻ കെ | ഹോട്ടൽ | 16/574 C | സഞ്ചയയിൽ ലഭ്യമല്ല |
| 145 | സഞ്ജു കെ വി | കണ്ണട വ്യാപാരം | 4/729 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 153 | മഞ്ചേരി വളപ്പിൽ കുഞ്ഞിരാമൻ | അനാദിക്കട | 8/472 | സഞ്ചയയിൽ ലഭ്യമല്ല |
| 195 | സി കുഞ്ഞിരാമൻ | മരമില്ല് | 17/710 | പാർപ്പിടാവശ്യം |
| 198 | മീത്തലെ പുരയിൽ സരോജിനി | ജനൽ, കട്ടില നിർമാണം | 8/453 | പാർപ്പിടാവശ്യം |
| 203 | ഷംസീർ ടി | ഡി ടി പി, പ്ലാൻ എസ്റ്റിമേറ്റ് വർക്ക് | 5/354 | പാർപ്പിടാവശ്യം |
| 205 | നടുവലത്ത് രാജൻ | ഇലക്ട്രിക്കൽ സാധനങ്ങൾ വിൽപന | 6/500 I, J | സഞ്ചയയിൽ ലഭ്യമല്ല |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29/27.11.2023) മറുപടിയായി ഒന്നിലേറെ കെട്ടിടങ്ങളുള്ള കെട്ടിട ഉടമകൾ സമർപ്പിച്ച അപേക്ഷകളിൽ കെട്ടിട നമ്പർ രേഖപ്പെടുത്തിയതിൽ പിശക് സംഭവിച്ചിട്ടുണ്ടെന്നും അപേക്ഷകളിൽ കൃത്യത വരുത്തി ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഉപയോഗ ക്രമം വ്യത്യസ്തമായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിലൂടെ പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ വരുമാന ചോർച്ച ഉണ്ടാകുന്നതിനാൽ ലൈസൻസ് അനുവദിച്ച മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗ ക്രമം പരിശോധിച്ച് ആവശ്യമാണെങ്കിൽ പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-15 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2022-23 കാലയളവിൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് വിവിധ വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/27.11.2023) മറുപടിയായി ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

തൊഴിൽ നികുതി ഒടുക്കു വരുത്താൻ അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|
| 316 | ഷോപ്പീസ് ഹൈപ്പർ മാർക്കറ്റ് | 6 (ഒരു ജീവനക്കാരന്റെ തൊഴിൽ നികുതിയാണ് ഒടുക്കാൻ ബാക്കിയുള്ളത്) |
| 326 | നിർമല ഓട്ടോ മൊബൈൽസ് പ്രൈവറ്റ് ലിമിറ്റഡ് | 6 |
| 361 | ഈറ്റില്ലം റസ്റ്റോറന്റ് | 10 |
| 366 | കാസാ റാസ റസ്റ്റോറന്റ് | 8 |
| 380 | ഗോൾഡൻ ഗ്രെയിൻസ് ഹോട്ടൽ | 6 |
| 435 | കമ്പാരീസ് റസ്റ്റോറന്റ് | 6 |
| 464 | ഐലന്റ് റസ്റ്റോറന്റ് | 20 |
| 538 | ചെറുതാഴം മിനി ഡയറി പ്രോസസിംഗ് പ്ലാന്റ് | 15 |
| 550 | ഉസാരിഷ് റസ്റ്റോറന്റ് | 10 |
| 560 | നസീം എക്സിം ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് | 6 |
| 645 | ഗ്രാന്റ് സൂപ്പർ മാർട്ട് | 9 |
| 679 | ജോസ്മിൻ മോൾഡിംഗ് | 8 |
| 712 | എൻ കെ പ്രൊഡക്ട്സ് | 8 |
| 725 | കെ എസ് കഫെ റസ്റ്റോറന്റ് | 9 |
| 732 | യൂണിക്സ് ഇന്ത്യ | 6 |
| 736 | ദി അമേരിക്കൻ ഫ്രൈഡ് ചിക്കൻ | 6 |
| 928 | ഐശ്വര്യ വെഡ്ഡിംഗ്സ് | 20 |
| 940 | മോഡോ ഫർണിച്ചർ ഫാക്ടറി | 18 |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതിക്ക് വിധേയമായ വരുമാന പരിധിയിൽ വരുന്നവരാണെങ്കിൽ അവരിൽ നിന്ന് തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുമ്പോൾ എല്ലാ സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും വരുമാനവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും സ്ഥാപനങ്ങൾക്ക് ഡിമാന്റ് നൽകുന്നതിൽ വീഴ്ച വരുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-16 എ.ബി.സി. പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. 100000 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | S0231/23 |
| പ്രോജക്ടിന്റെ പേര് | എ.ബി.സി. പദ്ധതി |

| | |
|---|---|
| അടങ്കൽ | 100000 (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 100000 |
| ബിൽ നമ്പർ, തീയ്യതി | 261/02-02-2023 |

തെരുവ് പട്ടികളുടെ ശല്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തിനുവേണ്ടി നടപ്പാക്കിയ എ.ബി.സി. പദ്ധതിക്കായി മേൽ സൂചിപ്പിച്ചതു പ്രകാരമുള്ള തുക കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ, സ.ഉ(സാധാ)നം.2065/2022/LSGD നമ്പർ ഉത്തരവിലെ നിർദ്ദേശ പ്രകാരം ഗ്രാമ പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ടോ തുടങ്ങിയ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-17/25-11-2023) വിനിയോഗ സാക്ഷ്യപത്രത്തിന് കത്തയച്ചിട്ടുണ്ട് എന്ന മറുപടി മാത്രമാണ് പഞ്ചായത്ത് ലഭ്യമാക്കിയത്. വിനിയോഗ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ 100000 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 എസ് സി വിദ്യാർത്ഥികൾക്ക് പഠനമേശ, കസേര - പദ്ധതി അപാകങ്ങൾ - 65800 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പദ്ധതിയുടെ പേര് | എസ് സി വിദ്യാർത്ഥികൾക്ക് പഠനമേശ, കസേര |
| പ്രൊജക്ട് നം | 207/23 |
| അടങ്കൽ | വികസന ഫണ്ട് (എസ് സി പി) - ₹61,300<br>തനത് ഫണ്ട് - ₹4,500<br>ആകെ - ₹65,800 |
| ചെലവ് | ബിൽ നമ്പർ : 374/15.03.2023 - ₹61,300<br>ബിൽ നമ്പർ : 375/15.03.2023 - ₹4500<br>ആകെ - ₹65,800 |

മേൽ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിലെ 14 എസ്.സി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി 14 സ്റ്റീൽമേശയും സ്റ്റീൽ കസേരയും വാങ്ങിയതുമായി ബന്ധപ്പെട്ട് ഫിഡ്കോ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ 67069668722 നമ്പർ അക്കൗണ്ടിലേക്ക് ₹65,800 അനുവദിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/24.11.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഫർണിച്ചറുകൾ കൈപ്പറ്റിയ വിദ്യാർത്ഥികൾക്ക് പട്ടികജാതി വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്നത് സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2) ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) ഫർണിച്ചറുകൾ കൈപ്പറ്റിയ ജിബിൻ രാജ് സി, ആഷ്ന റോസ് എന്നീ വിദ്യാർത്ഥികളുടെ റേഷൻ കാർഡുകൾ പ്രകാരം ഇവരുടെ ലോക്കൽ ബോഡികൾ യഥാക്രമം ചെങ്ങളായി ഗ്രാമപഞ്ചായത്ത്, കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് എന്നിവയാണ്. മേൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈ ഗുണഭോക്താക്കൾക്ക് ഫർണിച്ചറുകൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവു തുക 65800 രൂപ തടസ്സപ്പെടുത്തുന്നു.
അപാകങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 തുടർ സാക്ഷരതാ പദ്ധതി - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

| | |
|---|---|
| പദ്ധതിയുടെ പേര് | തുടർ സാക്ഷരതാ പദ്ധതി |
| പ്രൊജക്ട് നം | 255/23 |
| അടങ്കൽ | തനത് ഫണ്ട് - ₹60,000 |
| ചെലവ് | ബിൽ നമ്പർ : 399/18.03.2023 - ₹44,000 |

പദ്ധതി പ്രകാരം ഹയർസെക്കൻഡറി തുല്യതാ പരീക്ഷയുടെ ഫീസിനത്തിൽ 44,000 രൂപ സ്റ്റേറ്റ് ലിറ്ററസി മിഷന്റെ 02880100113107 നമ്പർ അക്കൗണ്ടിൽ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | കോഴ്സിന്റെ പേര് | പഠിതാക്കളുടെ എണ്ണം /കോഴ്സ് ഫീസ് നിരക്ക് | തുക(₹) |
|---|---|---|---|
| 3 | ഹയർസെക്കണ്ടറി തുല്യത ഒന്നാം വർഷം | 12@2200 | 26,400 |
| 4 | ഹയർസെക്കണ്ടറി തുല്യത രണ്ടാം വർഷം | 8@2200 | 17,600 |
| ആകെ | | | 44,000 |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/24.11.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പരിശോധിച്ച ശേഷം തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി സംബന്ധിച്ച ഗുണഭോക്തൃ ലിസ്റ്റ്, ഹയർസെക്കണ്ടറി തുല്യത ഒന്നാം വർഷം തലത്തിൽ ആനുകൂല്യം ലഭ്യമായ 4 പഠിതാക്കൾ (സൈനബ, റഹ്മത്ത്, രേഷ്മ, ദേവദാസൻ) കോഴ്സ് പൂർത്തിയാക്കി പരീക്ഷയ്ക്ക് ഹാജരായതിന്റെ വിശദാംശങ്ങൾ, പരീക്ഷ പാസ്സായതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 സമ്പൂർണ്ണ സെക്കണ്ടറി പഞ്ചായത്ത് - പത്താമുദയം - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പദ്ധതിയുടെ പേര് | സമ്പൂർണ്ണ സെക്കണ്ടറി പഞ്ചായത്ത് - പത്താമുദയം |
| പ്രൊജക്ട് നം | 210/23 |
| അടങ്കൽ | തനത് ഫണ്ട് - ₹60,000 |
| ചെലവ് | ബിൽ നമ്പർ : 398/18.03.2023 - ₹14,000 |

മേൽ പദ്ധതി പ്രകാരം ചെറുതാഴം ഗ്രാമ പഞ്ചായത്തിലെ 8 പേരുടെ 10-ാം തരം തുല്യത കോഴ്സിന്റെ രജിസ്ട്രേഷൻ ഫീസ് അടവാക്കുന്നതിന് 14,000 രൂപ (8*1750) കേരള സംസ്ഥാന സാക്ഷരതാമിഷന്റെ അക്കൗണ്ടിലേക്ക് (57026996123) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

(1) പദ്ധതി സംബന്ധിച്ച ഗുണഭോക്തൃ ലിസ്റ്റ്, ആനുകൂല്യം ലഭ്യമായ 8 പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കി പരീക്ഷക്ക് ഹാജരായതിന്റെ വിശദാംശങ്ങൾ, പരീക്ഷ പാസ്സായതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

(2)മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/24.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-20 ഫാമിലി ഹെൽത്ത് സെന്ററിലേക്ക് ജനറേറ്റർ വാങ്ങൽ - ₹4,97,893 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>എഫ് എച്ച് സി |
| പ്രോജക്ട് നമ്പർ | 55/23 |
| പ്രോജക്ടിന്റെ പേര് | ഫാമിലി ഹെൽത്ത് സെന്ററിലേക്ക് ജനറേറ്റർ വാങ്ങൽ (സ്പിൽ |

| | |
|---|---|
| | ഓവർ) |
| അടങ്കൽ(₹) | മെയിന്റനൽസ് ഫണ്ട് (റോഡിതരം) - 4,98,000 |
| എസ്റ്റിമേറ്റ് തുക(₹) | 4,98,000 |
| ചെലവ്(₹) | 4,97,893 |
| കരാറുകാരൻ | നിധീഷ് പി |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| പ്രവൃത്തി മൂല്യം(₹) | 4,97,893 |
| എം ബുക്ക് നമ്പർ | 451/22 |
| ബിൽ നമ്പർ | 55/28-12-2022 |

മേൽ സൂചിപ്പിച്ച പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങളുണ്ട്.

1) 2017 ലെ ചരക്ക് സേവന നിയമം സെക്ഷൻ 51(1) പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുമ്പോൾ കരാർ തുക 2.5 ലക്ഷം രൂപയിൽ അധികമായാൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി - ടി.ഡി.എസ് കുറവ് ചെയ്യേണ്ടതാണ് എന്ന് കേന്ദ്രധനമന്ത്രാലയം 13/09/2018 ലെ വിജ്ഞാപനം നം. 50/2018-central Tax പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ബിൽ പ്രകാരം പണം നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കി, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.3.19 ലെ സർക്കുലർ നം. ഡി.എ 1/87/2019 ത.സ്വ.ഭ.വ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് ഒടുക്കാതെ തുക പൂർണ്ണമായും കരാറുകാരന് അനുവദിച്ചത് ക്രമപ്രകാരമല്ല.

2) ബിൽ തുകയിൽ നിന്ന് കെട്ടിട നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതമായി 1% കുറവ് വരുത്തി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിൽ ഒടുക്കിയിയിട്ടില്ല.

3) പ്രവൃത്തിയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം, മെഷർമെന്റ് എന്നിവയുമായി ബന്ധപ്പെട്ട് ഹോണറേറിയം ഇനത്തിൽ എംപാനൽഡ് ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് നൽകേണ്ട തുകയായ ₹12,876.55 ഉൾപ്പെടെയുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത്.

5) പ്രവൃത്തിയുടെ ചെക്ക് മെഷർമെന്റുമായി ബന്ധപ്പെട്ട് ടെക്നിക്കൽ കമ്മറ്റി മെമ്പർക്ക് ഹോണറേറിയം ഇനത്തിൽ നൽകേണ്ട തുകയായ ₹4292.18 ഉൾപ്പെടെയുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/27.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹4,97,893 തടസ്സപ്പെടുത്തുന്നു. അപാകങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 സാന്ത്വന പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>എഫ് എച്ച് സി ചെറുതാഴം |
| പദ്ധതിയുടെ പേര് | സാന്ത്വന പരിചരണ പരിപാടി |
| പ്രൊജക്ട് നം | 8/23 |
| അടങ്കൽ | വികസനഫണ്ട് (പൊതു വിഭാഗം) - ₹4,57,960<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - ₹2,50,000<br>തനത് ഫണ്ട്- ₹53,230<br>ആകെ - ₹7,61,190 |
| ചെലവ് | ബിൽ നം 8 തീയതി 12.05.2022 ₹36,629 |

| | |
|---|---|
| | ബിൽ നം 46 തീയതി 18.06.2022 ₹37,030<br>ബിൽ നം 64 തീയതി 11.07.2022 ₹37,280<br>ബിൽ നം 88 തീയതി 05.08.2022 ₹37,330<br>ബിൽ നം 122 തീയതി 06.09.2022 ₹37,280<br>ബിൽ നം 144 തീയതി 13.10.2022 ₹37,790<br>ബിൽ നം 167 തീയതി 07.11.2022 ₹37,540<br>ബിൽ നം 199 തീയതി 03.12.2022 ₹37,390<br>ബിൽ നം 234 തീയതി 05.01.2023 ₹37,590<br>ബിൽ നം 270 തീയതി 06.02.2023 ₹38,840<br>ബിൽ നം 463 തീയതി 28.03.2023 ₹82,066<br>BRN.22190452006401262032 തീയതി 28.02.2023 ₹1,53,936<br>ബിൽ നം 418 തീയതി 23.03.2023 ₹9,578<br>ആകെ - ₹6,20,279 |

പഞ്ചായത്തിലെ കിടപ്പ് രോഗികളായവർക്ക് സാന്ത്വനപരിചരണം നൽകുന്നതിനായി പാലിയേറ്റീവ് കെയർ നഴ്സിന്റെ വേതനം, വാടകയ്ക്കെടുത്ത വാഹനത്തിന്റെ പ്രതിദിന ചാർജ്ജ്, ഹോംകെയർ, മറ്റ് ചെലവുകൾ , പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങൽഎന്നീയിനങ്ങളിലെ ചെലവുകൾക്കായാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകങ്ങൾ കാണാൻ സാധിച്ചു.

1. വാഹന വാടക ഇനത്തിൽ പ്രദീപ് കുമാർ പി വി എന്ന വ്യക്തിക്ക് പ്രതിദിനം 1000 രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ വാടക തുക നിശ്ചയിച്ചത് ക്വട്ടേഷൻ മുഖാന്തിരമാണോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019/ ത.സ്വ.ഭ.വ തീയതി 7.3.2019പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട പുതുക്കിയ മാർഗ്ഗരേഖ സർക്കാർ പുറപ്പടുവിച്ചതാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2-2 പ്രകാരം വാർഡ് തല പ്രവർത്തനത്തിന്റെ ഭാഗമായി ദീർഘ പരിചരണം ആവശ്യമുള്ളവരെ വാർഡടിസ്ഥാനത്തിൽ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതും ഇവർക്ക് മാനസിക സാമൂഹിക പിന്തുണ നൽകുന്നതിന്റെ ഭാഗമായി വാർഡ് തലത്തിൽ ആരോഗ്യ അവലോകന സമിതി രൂപീകരിക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിൽ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019/ ത.സ്വ.ഭ.വ തീയതി 7.3.2019 2-3 പ്രകാരം പഞ്ചായത്തിൽ ദീർഘകാല പരിചരണം ആവശ്യമുള്ളവരുടെ ലിസ്റ്റ് സബ്സെന്റർ തലത്തിൽ കണ്ടെത്തി ഓരോ രോഗിക്കും പരിചരണം ഉറപ്പാക്കേണ്ടതും തുടർച്ചയായി മരുന്നുകൾ ആവശ്യമുള്ളവരെ ആരോഗ്യ കേന്ദ്രത്തിലെ ഓ.പി.യിലേക്ക് റഫർ ചെയ്യേണ്ടതും നഴ്സിംഗ് പരിചരണം ആവശ്യമായവരെ ഹോം കെയർ യൂണിറ്റിലേക്ക് റഫർ ചെയ്യേണ്ടതുമാണ്. എന്നാൽ സബ്സെന്റർ തലത്തിൽ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. മാർഗരേഖ ഖണ്ഡിക 2.4.2 പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടുകൊണ്ടു പോകുന്നതിനായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി ഓരോ പഞ്ചായത്തും രൂപീകരിക്കേണ്ടതാണ്. എല്ലാ മാസവും 5 ാം തീയതിയ്ക്കുമുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. മാർഗരേഖ ഖണ്ഡിക 2.16 പ്രകാരം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യസ്റ്റാന്റിഗ് കമ്മിറ്റിയും പാലിയേറ്റീവ് കെയർ സംബന്ധിച്ച പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്. പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം മോണിറ്ററിംഗിനായി ആരോഗ്യം വർക്കിംഗ് ഗ്രൂപ്പിനെയാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. പാലിയേറ്റീവ് പരിചരണത്തിൽ ഉൾപ്പെടുന്ന രോഗികളുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/27.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക്

അനുബന്ധ രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-22 സ്ത്രീ പദവി പഠനം- തുടർ നടപടികൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല - ₹20308 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 157/23 സ്ത്രീ പദവി പഠനം |
| അടങ്കൽ | ₹200000 വികസന ഫണ്ട് |
| ചെലവ് | ₹20308 വികസന ഫണ്ട് |
| ബിൽ നം/തീയതി/തുക ( A.C.R പ്രകാരം) | 479/31.03.23/20308 |

ചെറുതാഴം ഗ്രാമപഞ്ചായത്തിലെ സ്ത്രീകളുടെ അവസ്ഥാപഠനം നടത്തുന്നതിന് വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. സ.ഉ(കൈ)നം84/2022/ത.സ്വ.ഭ.വ തീയതി 19.04.22 ഖണ്ഡിക 6.3.1 ലെ നിർദ്ദേശ പ്രകാരം കൃത്യമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിന് വനിതാ ഘടകപദ്ധതി എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളും നിർബന്ധമായും തയ്യാറാക്കേണ്ടതാണ്. ഇതിനായി വാർഡ് തല ട്രെയിനിംഗ് നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനു വേണ്ടി 2022-23 സാമ്പത്തിക വർഷം പദ്ധതിയുടെ ഭാഗമായി വാർഡ് തല പഠന സംഘങ്ങൾക്ക് പരിശീലനം നല്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ബാനറിന് ₹500 യും ക്ലാസ് എടുത്തവർക്കുള്ള പ്രതിഫലമായി ₹4500 യും ഭക്ഷണച്ചെലവ്, നോട്ട്പാഡ്, പെൻ എന്നിവയ്ക്ക് ₹15308 യും ഉൾപ്പെടെ ആകെ ₹20308 യാണ് ചെലവഴിച്ചത്. പദ്ധതിയുമായി ബന്ധപ്പെട്ട് വാർഡ് തല പഠന സംഘങ്ങളുടെയും തുടർ പ്രവർത്തനങ്ങളുടെ വിവരങ്ങളും നിലവിൽ പദ്ധതി പൂർത്തിയായിട്ടുണ്ടെങ്കിൽ പഠന റിപ്പോർട്ടും സ്ത്രീ പദവി പഠനവുമായി ബന്ധപ്പെട്ട് അക്കാദമിക് സമിതി രൂപീകരിച്ചതിന്റെയും വിവര ശേഖരണം, വിശകലനം തുടങ്ങിയ സ്ത്രീപദവി പഠന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പഠനസംഘങ്ങൾ രൂപീകരിച്ചതിന്റെയും റിപ്പോർട്ട് തയ്യാറാക്കിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കുന്നതിനായി 27.11.23 ന് നൽകിയ 26ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടപ്പ് സാമ്പത്തിക വർഷത്തിലും തുടരുന്നുണ്ട് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്. പദ്ധതി പ്രവർത്തനം പൂർത്തീകരിക്കാത്തതിനാൽ ചെലവു തുകയായ 20308 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് പഠന റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ഹോമിയോ ആശുപത്രിക്ക് റാക്ക്, ഇൻവേർട്ടർ പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ - 19700 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പദ്ധതിയുടെ പേര് | ഹോമിയോ ആശുപത്രിക്ക് റാക്ക്, ഇൻവേർട്ടർ -സ്പിൽ ഓവർ |
| പ്രൊജക്ട് നം | 68/23 |
| അടങ്കൽ | ₹50000/- വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ബിൽ നം 76 /22.07.2022 ₹49,200 |

പിലാത്തറ ഹോമിയോ ഡിസ്പൻസറിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ റാക്ക്, ഇൻവേർട്ടർ എന്നിവ വാങ്ങുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി ഇലക്ട്രിക്സ് ഹോം സൊല്യൂഷൻസ്, കുഞ്ഞിമംഗലം എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവേർട്ടറും (₹19700) തൈക്കാട് ഫർണിച്ചർ പാലസ്,

പിലാത്തറ എന്ന സ്ഥാപനത്തിൽ നിന്ന് 12 ലെയേർഡ് ബോർഡ് റാക്കും (₹29500) പർച്ചേസ് ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) ഇൻവേർട്ടർ പർച്ചേസ് ചെയ്തതുമായി ബന്ധപ്പെട്ട ഒറിജിനൽ ബിൽ ലഭ്യമാക്കിയിട്ടില്ല.

2) ഇൻവർട്ടർ സ്ഥാപനത്തിൽ സ്ഥാപിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്നതിന്റെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

3) ഇൻവർട്ടർ സ്റ്റോക്കിൽ എടുത്തത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/27.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ഇൻവെർട്ടർ പർച്ചേസ് ചെയ്ത തുകയായ ₹19700 തടസ്സപ്പെടുത്തുന്നു. രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ - ₹5,23,417 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പദ്ധതിയുടെ പേര് | ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രൊജക്റ്റ് നം | 16/23 |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് (റോഡിതരം) - ₹6,00,000 |
| ചെലവ് | ബിൽ നം. 121 തീയതി 03.09.2022 ₹6,00,000 |

പദ്ധതിയുടെ ഭാഗമായി ഹോമിയോ മരുന്നുകൾ വാങ്ങുന്നതിനായി ₹6,00,000 കേരള ഹോമിയോപതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ 34306403911 നമ്പർ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 95,548 രൂപയുള്ള മരുന്നുകളാണ് കേരള ഹോമിയോപതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൽ നിന്ന് ലഭ്യമായിട്ടുള്ളത്. ബാക്കി 5,04,452 രൂപയുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല.

2) കേരള ഹോമിയോപതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് ലഭ്യമാക്കിയ ഇൻവോയിസ് (നം. LF-223 തീയതി 09.06.2023) പ്രകാരമുള്ള ചുവടെ ചേർത്ത മരുന്നുകൾ/ഉൽപന്നങ്ങൾ ലഭിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

| ക്രമ നം | മരുന്നിന്റെ പേര് | എണ്ണം | തുക (ജി എസ് ടി ഉൾപ്പെടെ) |
|---|---|---|---|
| 1 | Camphor Oil (100 Ml) | 112 | 7056 |
| 2 | Aesculus HIP (10 Gm) | 36 | 718.2 |
| 3 | Packing/ 15 Ml Glass Bottle | 480 | 2265.6 |
| 4 | Packing/ 5 Ml Glass Bottle Screw | 1872 | 4417.92 |
| 5 | Packing/ Butter Paper | 1 REAM | 1557.6 |
| 6 | Packing/TT Cover Big (4”x5”) (1000 Nos) | 20 | 2950 |
| ആകെ | | | 18,965 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/27.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹5,23,417 (₹5,04,452 + ₹18,965) തടസ്സപ്പെടുത്തുന്നു. അപാകങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 ലോൺ ബാധ്യത ഇല്ലായിരുന്നിട്ടും സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്തു

പഞ്ചായത്തിന് വായ്പകൾ ഒന്നും നിലവിലുള്ളതായി കാണുന്നില്ല. എന്നാൽ ലൈഫ് മിഷൻ വായ്പ തിരിച്ചടവ് ഇനത്തിൽ താഴെ ചേർക്കും പ്രകാരമുള്ള തുകകൾ സുലേഖ പത്രിക പ്രകാരം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ നമ്പർ,പേര് | ചെലവഴിച്ച തുക | ഫണ്ട് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 256/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | 327819 | വികസന ഫണ്ട് എസ്.സി.പി. |
| 2 | 260/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | 341768 | ടി |
| ആകെ | | 669587 | |

ഇതുകൂടാതെ സുലേഖാ പത്രികയിൽ 257/23 ആയി രേഖപ്പെടുത്തിയ 41849 രൂപയും ലോൺ ഇനത്തിൽ കുറവ് ചെയ്തതാണ്. ആകെ 711436 (669587+41849) കുറവ് ചെയ്തിട്ടുണ്ട്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ( എൻക്വയറി നമ്പർ-7/24-11-23 )പഞ്ചായത്ത് അറിയിച്ചു.

## 1-26 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ (കുടുംബ ആരോഗ്യ കേന്ദ്രം,ചെറുതാഴം , ഗവ.ഹോമിയോ ഡിസ്പൻസറി, ചെറുതാഴം)വാർഷികവരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിലെ വീഴ്ച.

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്ന പോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്ന കണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാ ഫോറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം). എന്നാൽ കുടുംബ ആരോഗ്യ കേന്ദ്രം,ചെറുതാഴം , ഗവ.ഹോമിയോ ഡിസ്പൻസറി, ചെറുതാഴം എന്നീ സ്ഥാപനങ്ങളിലെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ നാളിതുവരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിലെ ആശുപത്രി മാനേജിംഗ് കമ്മറ്റി ആദ്യമായി രൂപീകരിച്ചതിന്റെയും ഏറ്റവും ഒടുവിൽ പുനഃസംഘടിപ്പിച്ചതിന്റെയും വിശദാംശങ്ങളും വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കാതിരുന്നതിന്റെ കാരണവും വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറികൾക്ക് (36/27.11.23, 37/27.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിലെ ആശുപത്രി മാനേജിംഗ് കമ്മറ്റികൾ ആദ്യമായി രൂപീകരിച്ചതിന്റെയും ഏറ്റവും ഒടുവിൽ പുനഃസംഘടിപ്പിച്ചതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18-01-2006ലെ 42774/എം. 3/05/ആ.കു.വ. നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് അടിയന്തിരമായി സമർപ്പിക്കുന്നതിന് ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിക്ക് നിർദ്ദേശം നല്കുന്നതിനായി മേൽ വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-27 നിങ്ങൾക്കുമാകാം സർക്കാർ ഉദ്യോഗസ്ഥൻ - പദ്ധതി അപാകങ്ങൾ - ₹1,00,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പദ്ധതിയുടെ പേര് | നിങ്ങൾക്കുമാകാം സർക്കാർ ഉദ്യോഗസ്ഥൻ - സ്പിൽ ഓവർ |

| | |
|---|---|
| പ്രൊജക്ട് നം | 66/23 |
| അടങ്കൽ | തനത് ഫണ്ട് - ₹1,00,000 |
| ചെലവ് | ബിൽ നമ്പർ : 10/12.05.2023 - ₹1,00,000 |

ഗ്രാമ പഞ്ചായത്ത് പരിധിയിലെ വായനശാലകൾ കേന്ദ്രീകരിച്ച് യുവജനങ്ങൾക്ക് കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയുടെ ഭാഗമായി 5 വായനശാലകളുടെ ബാങ്ക് അക്കൌണ്ടുകളിലേക്ക് 20,000 രൂപ വീതം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വായനശാല | അക്കൌണ്ട് നം | തുക(₹) |
|---|---|---|---|
| 1 | മണ്ടൂർ പൊതുജന വായനശാല | 1046007000037 | 20,000 |
| 2 | കുളപ്പുറം വായനശാല ഗ്രന്ഥാലയം | 67378039702 | 20,000 |
| 3 | രാമപുരം വായനശാല | 42362200083385 | 20,000 |
| 4 | മേലതിയടം വായനശാല | 11260200015789 | 20,000 |
| 5 | എ കെ ജി മെമ്മോറിയൽ വായനശാല | 1046007000038 | 20,000 |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വായനശാലകളിൽ മൽസര പരീക്ഷ പരിശീലനത്തിന് ഹാജരായ പരിശീലനാർത്ഥികളുടെ വിവരങ്ങൾ, പരീക്ഷ എഴുതിയവരുടെയോ /പാസ്സായവരുടെയോ വിവരങ്ങൾ, പരിശീലകരുടെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2) പദ്ധതി നടത്തിപ്പിന്റെ വിശദ വിവരങ്ങൾ, ഉദ്ദേശ്യ ലക്ഷ്യങ്ങളുടെ ഫലപ്രാപ്തി എന്നിവ വിശദീകരിക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.40/28.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തുക (₹1,00,000) തടസ്സപ്പെടുത്തുന്നു. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 ധനകാര്യ കമ്മീഷൻ ടൈഡ് ഫണ്ട് ഉപയോഗിച്ച് വെള്ളക്കരം ഒടുക്കി. 146148 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 232/23 |
| പ്രോജക്ടിന്റെ പേര് | വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം നൽകൽ |
| അടങ്കൽ | 146148 ധനകാര്യ കമ്മീഷൻ അവാർഡ് ടൈഡ് |
| ചെലവഴിച്ച തുക | 146148 |

ചെറുതാഴം ഗ്രാമ പഞ്ചായത്തിൽ സംയുക്ത പരിശോധനക്ക് ശേഷം 94 വാട്ടർ ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കിവരുന്നുണ്ട്. 2022-23 വർഷത്തിൽ തനത് ഫണ്ട്, മെയിന്റനൻസ് ഫണ്ട് റോഡിതരം , ധനകാര്യ കമ്മീഷൻ അവാർഡ് ടൈഡ് എന്നീ ഫണ്ടുകൾ ഉപയോഗിച്ചാണ് വെള്ളക്കരം ഒടുക്കിയിട്ടുള്ളത്. മുകളിൽ ചേർത്ത പ്രോജക്ട് പ്രകാരം ധനകാര്യ കമ്മീഷൻ ടൈഡ് ഫണ്ടിൽ നിന്നുള്ള തുക വെള്ളക്കരം അടയ്ക്കുന്നതിന് ഉപയോഗിച്ചിരിക്കുന്നു.

19-04-2022ലെ സ.ഉ(കൈ)84/2022/ത.സ്വ.ഭ.വ പ്രകാരമുള്ള പതിന്നാലാം പഞ്ച വത്സര പദ്ധതി മാർഗ രേഖ ഖണ്ഡിക 6.7.(b) അനുസരിച്ച് കുടി വെള്ള പ്രോജക്ടുകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ട് ഉപയോഗിക്കാമെങ്കിലും വെള്ളക്കരം ഒടുക്കുന്നതിന് പ്രസ്തുത ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നൽകിയതായി കാണുന്നില്ല. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 7.3.2022-ലെ സ.ഉ.(സാ) 538/22 ഉത്തരവിൽ ഈ ഫണ്ട് ഉപയോഗിച്ച് കുടിവെള്ളക്കരം ഒടുക്കാൻ അനുമതി നൽകിയിട്ടുണ്ടെങ്കിലും ആയത് വെള്ളക്കരം കുടിശ്ശികക്ക് മാത്രമാണ്.

| ക്രമ നമ്പർ | ബിൽ നമ്പർ/ വൗച്ചർ തീയ്യതി | തുക |
|---|---|---|
| 1 | 255/30-01-2023 | 48716 |
| 2 | 294/13-02-2023 | 48716 |
| 3 | 326/27-02-2023 | 48716 |
| ആകെ | | 146148 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-27/27-11-2023) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ അനുമതിയില്ലാതെ ചെലവഴിച്ച 146148 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. സർക്കാരിൽ നിന്നും ചെലവനുമതി വാങ്ങി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 സ്ട്രീറ്റ് ലൈറ്റ് എ.എം.സി -അധിക തുക അനുവദിച്ചു - 83000 രൂപ നിരാകരിക്കുന്നു - 367000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | S0074/23 സ്പിൽ ഓവർ |
| പ്രോജക്റ്റിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി കരാറിൽ ഏർപ്പെടൽ |
| എസ്റ്റിമേറ്റ് തുക | 4,50000 |
| അടങ്കൽ | 303200 തനത് ഫണ്ട് |
| ചെലവ് | 303200 |
| കരാറുകാരൻ | സി.ജെ. ജോസ് |
| കരാർ നിരക്ക് | 3,67000 |
| കരാർ തീയ്യതി | 13-10-2021 |

2021-22 സാമ്പത്തിക വർഷം ഭാഗികമായി നടപ്പിലാക്കിയ ഈ പ്രോജക്റ്റിൽ താഴെ ചേർക്കും പ്രകാരം ആദ്യ ഗഡു തുക കരാറുകാരന് അനുവദിച്ചിരുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 13/2022 |
| പ്രോജക്റ്റിന്റെ പേര് | സ്ട്രീറ്റ്ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി കരാറിൽ ഏർപ്പെടൽ |
| അടങ്കൽ | 450000 തനത് ഫണ്ട് |

| | |
|---|---|
| ചെലവ് | 146800 |
| ബിൽ നമ്പർ | 5109607201210045/7-2-2022 |

2021-22വർഷത്തിൽ ഈ പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ പ്രസ്തുത വർഷത്തേ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-20ൽ പരാമർശിച്ചിട്ടുണ്ട്. 2022-23 വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) കരാറുകാരനായ ശ്രീ. സി.ജെ. ജോസ് ടെണ്ടറിൽ ക്വോട്ട് ചെയ്തതും 12-10-2021ലെ ഭരണ സമിതി തീരുമാന പ്രകാരം (3/3/2021 നമ്പർ തീരുമാനം) അംഗീകരിച്ചതുമായ തുക 367000 ആയിരുന്നു. എന്നാൽ എഗ്രിമെന്റിൽ കരാർ തുകയായി രേഖപ്പെടുത്തിയത് 391500 രൂപയാണ്. ( ഇത് യുണൈറ്റഡ് എനർജി സിസ്റ്റംസ്, തിരുവനന്തപുരം എന്ന സ്ഥാപനം ക്വോട്ട് ചെയ്ത തുകയാണ്.

2) ടെണ്ടർ പ്രകാരം കരാറുകാരന് 2022-23വർഷം അനുവദിക്കാൻ ബാക്കിയുണ്ടായിരുന്ന തുക 220200 രൂപയായിരുന്നു. (367000-146800) എന്നാൽ ടിയാന് താഴെ ചേർക്കും പ്രകാരം തുകകൾ അനുവദിച്ചു.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയ്യതി | തുക |
|---|---|---|
| 1 | 80/30-07-22 | 117450 |
| 2 | 183/23-11-22 | 185750 |
| ആകെ | | 303200 |

മേൽ സൂചിപ്പിച്ചതു പ്രകാരം 83000 രൂപ (303200-220200) കരാറുകാരന് അധികം അനുവദിച്ചിട്ടുണ്ട്.

3) കെ.എസ്. ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണവും തരവും നിർണ്ണയിച്ചിട്ടില്ല.

4) രജിസ്റ്റർ ഓഫ് അൺസർവീസബിൾ ഐറ്റംസ്, പരാതി രജിസ്റ്റർ , റിപ്പയർ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-16/25-11-2023) കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതാണെന്നാണ് സെക്രട്ടറി മറുപടി നൽകിയത്. അധികം നൽകിയ 83000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ പറഞ്ഞ രേഖകളുടെ അഭാവത്തിൽ 367000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. 83000 രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കിയും 367000 രൂപയുടെ രേഖകൾ ഹാജരാക്കിയും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. 375103 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

2022-23 വർഷം ചെറുതാഴം പഞ്ചായത്തിലെ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് വിനിയോഗ സാക്ഷ്യ പത്രം / പൂർത്തീകരണ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക | വൗച്ചർ നമ്പർ, തീയ്യതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|---|
| 1 | S0142/23 | സ്ട്രീറ്റ് മെയിൻ വലിക്കൽ മീറ്ററിംഗ് | 500000തനത് ഫണ്ട് | 278103 | 277/8-02-2023 | കെ.എസ്.ഇ.ബി. പഴയങ്ങാടി സെക്ഷൻ |
| 2 | S0204/23 | പടന്നപ്പുറം പഞ്ചായത്ത് ശ്മശാനം കുഴൽ കിണർ നിർമ്മാണം | 97000 ധനകാര്യ കമ്മീഷൻ അവാർഡ് | 97000 | 130/14-09-2022 | ഭൂജല വകുപ്പ്, കണ്ണൂർ ജില്ലാ കാര്യാലയം |
| ആകെ തുക | | | | 375103 | | |

മേൽ സൂചിപ്പിച്ചതു പ്രകാരം കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭിച്ചിട്ടില്ല. 2022-23ലെ നിക്ഷേപ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (എൻക്വയറി നമ്പർ-24/25-11-23) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ 375103 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ഡെപ്പോസിറ്റ് പ്രവൃത്തികൾ സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 9.3.2022, 10.07.2022 തീയതികളിലെ സർക്കുലർ നമ്പർ യഥാക്രമം ഡിഎ1 64/22, 179/22 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

## 1-31 ലൈബ്രറി സെസ് യഥാ സമയം ഒടുക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് ഓരോ അർദ്ധ വർഷവും അവസാനിച്ച് 30 ദിവസത്തിനകം ലൈബ്രറി കൌൺസിലിൽ ഒടുക്കണമെന്ന നിർദ്ദേശം (സർക്കുലർ നമ്പർ 17263/എൽ.3/ത.സ്വ.ഭ.വ /29-12-2000) 2021-22 വർഷത്തിലെ വരവ് തുകയുടെ കാര്യത്തിൽ ഗ്രാമ പഞ്ചായത്ത് പാലിച്ചിട്ടില്ല. 2021-22 വർഷത്തെ ലൈബ്രറി സെസ് തുകയായ 393442രൂപ 31-10-2022നാണ് ലൈബ്രറി കൗൺസിലിൽ ഒടുക്കിയത്. (വൗച്ചർ നമ്പർ-22200676/31-10-2022)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി 35/27-11-2023) മറുപടിയിൽ 2023-24 ഒന്നാം അർദ്ധ വർഷത്തെ ലൈബ്രറി സെസ് എത്രയും പെട്ടെന്ന് ഒടുക്കുന്നതാണെന്ന് പഞ്ചായത്ത് അറിയിച്ചു.

## 1-32 അങ്കണവാടി പോഷകാഹാരം-ജി എസ് ടി-ടി ഡി എസ് കുറവ് ചെയ്തില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| പ്രൊജക്ട് നം., പേര് | 10/23, അങ്കണവാടി പോഷകാഹാരം |
| അടങ്കൽ<br>₹5000000 | ₹3367767 വികസന ഫണ്ട്<br>₹1300000 കേന്ദ്രാവിഷ്കൃതഫണ്ട്<br>₹332233 തനത്ഫണ്ട് |
| ചെലവ്<br>₹3900768 | ₹3367767 വികസന ഫണ്ട്<br>₹533001 കേന്ദ്രാവിഷ്കൃതഫണ്ട് |
| ബിൽ നം./തീയതി/തുക ( ACR പ്രകാരം) | 14/16.5.22/₹441064<br>34/24.5.22/₹92622<br>40/9.6.22/₹77794<br>45/16.6.22/₹20178<br>47/21.6.22/₹228568<br>61/6.7.22/₹61932<br>87/4.8.22/₹51499<br>101/12.8.22/₹448614<br>125/12.9.22/₹342462<br>148/15.10.22/₹311340<br>188/23.11.22/₹446747<br>206/8.12.22/₹176818<br>238/12.1.23/₹508916<br>379/15.3.23/₹46022<br>382/15.3.23/₹113191<br>5109601101220032/13.3.23 /533001(റിക്വസിഷൻനമ്പർ) |

(എ)സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുന്നതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ചെറുതാഴം ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികൾക്കായി ഭാഗ്യശ്രീ അമൃതം ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും വാങ്ങിയ അമൃതം ന്യൂട്രിമിക്സിന്റെ ബില്ലിൽ നിന്നും ടി.ഡി.എസ് നടത്തിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ/തീയതി | അളവ് | തുക(രൂപ) |
|---|---|---|

| | (കി.ഗ്രാം) | (70/കി ഗ്രാം + 5% ജി എസ് ടി) |
|---|---|---|
| 138/7.3.22 | 2284.875 | 167938 |
| 4/4.4.22 | 2176.875 | 160000 |
| 145/5.5.22 | 2021.625 | 148589 |
| 151/28.6.22 | 1923.750 | 141395 |
| 157/3.8.22 | 1900.125 | 139659 |
| 161/3.9.22 | 1896.750 | 139411 |
| 166/3.10.22 | 1819.125 | 133705 |
| 169/1.11.22 | 1812.375 | 133209 |
| 175/29.12.22 | 1893.375 | 139163 |
| 183/6.3.23 | 1917 | 140899 |
| 184/1.2.23 | 1890 | 138915 |
| ആകെ | 21535.875 | 1582883 |

ജി എസ് ടി-ടി ഡി എസ് കുറവു ചെയ്യാതെ തുക നല്കിയത് സംബന്ധിച്ച് 25.11.23 ന് നൽകിയ 25ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ജി.എസ്.ടി അടവാക്കിയിട്ടുണ്ടെന്നാണ് അറിയിച്ചത്. ഇത് സംബന്ധിച്ചുള്ള വ്യക്തമായ രേഖകൾ ഹാജരാക്കിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ അമൃതം ന്യൂട്രിമിക്സിന്റെ ബില്ലിൽ നിന്നും ടി.ഡി.എസ് ഈടാക്കേണ്ടതാണ്.

## 1-33 തനത് വരുമാനം- അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. ചെറുതാഴം ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റിന്റെ അവലോകനം താഴെ കൊടുക്കുന്നു.

01-03-2022 മുതൽ 31-03-2023 വരെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 18 തവണ യോഗങ്ങൾ ചേർന്നിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ വസ്തുനികുതി പിരിവ് പുരോഗതി അവലോകന യോഗങ്ങളും മറ്റ് നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്-പിരിവ് പുരോഗതി അവലോകന യോഗങ്ങളും ചേർന്നിട്ടുണ്ട്. പുതിയ തനത് വരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ ഉണ്ടായ നിർദ്ദേശങ്ങൾ ഭരണ സമിതിക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

വസ്തുനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണത്തിന്റെയടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് 2011 ജനവരി 14 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിരുന്നത്) 2013 എപ്രിൽ 1 മുതലുമാണ് വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാനവസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. ഇതു പ്രകാരം 2018-19 (01-04-2018പ്രാബല്യത്തിൽ) സാമ്പത്തികവർഷം മുതൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരണവും പ്രാബല്യത്തിൽ വരേണ്ടതായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കാരിന്റെ 22-03-2023 തീയതിയിലെ സ.ഉ (കൈ) നമ്പർ 77/2023 /തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24 ൽ പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ (അച്ചടി) 25/23, തീയതി 05-04-2023 ഗസറ്റ് വിജ്ഞാപനപ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചെറുതാഴം ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ട് ഭരണസമിതിയുടെ 19.09.2023 തീയതിയിലെ A6/2660/2023 നമ്പർ പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പുതിയ നിരക്കിലാണ് വസ്തുനികുതി ഈടാക്കുന്നത്. ഇതിന്റെ ഭാഗമായുള്ള ഫീൽഡ് വെരിഫിക്കേഷൻ ആരംഭിച്ചിട്ടുണ്ട്.

തൊഴിൽനികുതി .

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾപ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യസ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി 2/22.11.2023-ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എല്ലാ വിഭാഗം പ്രൊഫഷണലു കളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാ ബേസിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതാണ്.

അനധികൃതനിർമാണം

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരികയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 542 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

സേവനഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. 24.06.2023 ന് ചേർന്ന ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ സർവ്വീസ് ടാക്സ് ചുമത്തുന്നത് സംബന്ധിച്ച് ആലോചന നടത്തുകയും വസ്തു നികുതിയുടെ കൂടെ 2% സർവ്വീസ് ടാക്സ് കൂടി ചുമത്തുന്നതിന് ഭരണ സമിതിയോട് ശിപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി അംഗീകരിച്ച് കരട് പ്രസിദ്ധീകരിച്ച് വോട്ടർമാർക്ക് നൽകിയിട്ടുണ്ട്. നിലവിൽ സർവ്വീസ് ടാക്സ് ഈടാക്കുന്നതായി ഓഡിറ്റ് എൻക്വയറി 1/22.11.2023 നുള്ള മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ സഞ്ചയയിൽ ലഭ്യമായിട്ടില്ല.

FTE&OS ലൈസൻസ്

ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല .താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടുതൽ തുക മുതൽമുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ

സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ .

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. വരവിനങ്ങളുടെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

6. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

7. ഗ്രാമപഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ മുതലായവ നിലവിലുണ്ടെങ്കിൽ ആയവയിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

8. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃതനിർമ്മാണം ക്രമവൽക്കരിക്കാവുന്നതാണെങ്കിൽ ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കേണ്ടതുമാണ്.

9. വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് ഭരണസമിതിയുടെ അംഗീകാരത്തോടെ കാലികമാക്കി സൂക്ഷിക്കേണ്ടതും പട്ടികയിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ വസ്തു നികുതി, തൊഴിൽ നികുതി, FTE&OS ലൈസൻസ് ഫീസ്, മറ്റ് ലൈസൻസ് ഫീസുകൾ മുതലായവ കൃത്യമായി ഒടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

10. ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ ഉപയോഗ ക്രമം പരിശോധിച്ച് ആവശ്യമാണെങ്കിൽ പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാന വർദ്ധനവിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ (കൈ) നം. 84/22 തസ്വഭവ തീയതി 19/04/2022 ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിതശ്രമം നടത്തേണ്ടതാണ്. ഇതോടൊപ്പം തന്നെ തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-34 അറത്തിപ്പറമ്പ് വാതക ശ്മശാനം -രേഖകളും മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ് - 451094 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് നമ്പർ | S0078/23 |
| പ്രോജക്ടിന്റെ പേര് | അറത്തിപ്പറമ്പ് വാതക ശ്മശാനം വയറിംഗ് ജനറേറ്റർ സ്ഥാപിക്കലും (സ്റ്റീൽ ഓവർ) |
| അടങ്കൽ | 550000 ധനകാര്യ കമ്മീഷൻ അവാർഡ് |
| എസ്റ്റിമേറ്റ് തുക | 480000 |
| ചെലവ് | 451094 |
| കരാറുകാരൻ | നിധീഷ് പി |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| ആകെ പ്രവർത്തി മൂല്യം | 382283 |
| എം ബുക്ക് നമ്പർ | 139/23, 139A/23 |
| ബിൽ നമ്പർ | 430/25-03-2023 |

മേൽ സൂചിപ്പിച്ച പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ശ്മശാനത്തിന്റെ വൈദ്യുതീകരണം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) പദ്ധതിയുടെ മോണിറ്ററിംഗ് സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല.

3) ശ്മശാനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട അംഗീകരിച്ച ബൈലോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4) ശ്മശാനത്തിന്റെ പ്രവർത്തനത്തിനായി വൈദഗ്ധ്യമുള്ള തൊഴിലാളികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ (എൻക്വയറി നമ്പർ39/28-11-2023) ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ശ്മശാനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (എൻക്വയറി നമ്പർ-4/22-11-2023) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന് നിരാക്ഷേപ പത്രം ലഭിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് സെക്രട്ടറി അറിയിച്ചത്. ശ്മശാനത്തിന്റെ ബൈലോ, ആവശ്യപ്പെട്ട മറ്റ് വിശദാംശങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല. ഈ വർഷത്തെ ചെലവ് തുകയായ 451094 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ കണ്ഡികയിൽ പരാമർശിച്ച രേഖകളും ശ്മശാനം പൂർണ്ണ രൂപത്തിൽ പ്രവർത്തനസജ്ജമാണ് എന്ന് തെളിയിക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 ഗോവർദ്ധൻ പദ്ധതി (നം.എസ്.ഒ 32/23)-പദ്ധതി ആസൂത്രണത്തിലെ അശാസ്ത്രീയത-പദ്ധതി ലക്ഷ്യം കണ്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ/പേര് - 32/23 – പിലാത്തറ മാർക്കറ്റിൽ ഗോവർധൻ പരിപാടി

അടങ്കൽ - 623000 (കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ് - 106400

ശുചിത്വമിഷൻ ഫണ്ട് ഉപയോഗപ്പെടുത്തി ഗോവർദ്ധൻ പദ്ധതി പ്രകാരം പിലാത്തറയിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയത് (മാർക്കറ്റിലുണ്ടാകുന്ന മാലിന്യങ്ങൾ ഉപയോഗിച്ച് ബയോഗ്യാസ് ഉണ്ടാക്കുന്നതിനാണ് ഈ പദ്ധതി).ഇതിനായി അക്രഡിറ്റഡ് ഏജൻസിയായ ഐആർടിസി മുണ്ടൂർ, പാലക്കാട് എന്ന സ്ഥാപനം 100 കി.ഗ്രാം ശേഷിയുള്ള പ്ലാന്റ് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നല്കിയിരുന്നു( 100കി.ഗ്രാം എന്ന് നിശ്ചയിച്ചത് എന്തടിസ്ഥാ നത്തിലാണെന്ന് വ്യക്തമല്ല).6,23,000/(കേന്ദ്രാവിഷ്കൃത ഫണ്ട്)അടങ്കൽ

നിശ്ചയിച്ച മേൽ പ്രോജക്റ്റിന്റെ നടത്തിപ്പിനായി ഐആർടിസി അഡ്വാൻസ് അടവാക്കണം എന്ന് ആവശ്യ പ്പെട്ട തിന്റെ(കത്ത് നമ്പർ IRTC-PIU/314/2264/21 Dt.23-03-22) അടിസ്ഥാനത്തിൽ 1,06,400/ രൂപ IRTC യിൽ അടവാക്കി(കൈപ്പറ്റ് രശീതി നമ്പർ 101/27-07-2022).ഇതിനെ തുടർന്ന് IRTC യുടെ IRTC-PIU/1234/22/21 Dt.05-09-22 നമ്പർ കത്തിൽ 100kg ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റാണ് ചെയ്യാൻ ഉദ്ദേശിച്ചതെന്നും എന്നാൽ ഇതിൽ അവിടെയുള്ള മുഴുവൻ മലിനജലവും സംസ്ക്ക രിക്കാൻ കഴിയുകയില്ലെന്നും അറിയിച്ചു. തുടർന്ന് 01-10-2022ന് IRTC പ്രതിനിധികൾ, ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ, ചെറുതാഴം പഞ്ചായത്ത് പ്രസിഡന്റ്,സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ മാൻമാർ,അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ചേർന്ന് സ്ഥല പരിശോധന നടത്തി IRTCനല്കിയ റിപ്പോർട്ടിൽ The Proposed 100kg. Biogas Plant Can Only Treat Solid Waste Generated In The Market. The Main Problem Faced By The Market Is Treatment Of Liquid Waste. Therefore Construction Of A Biogas Plant May Not Solve The Problem At Market എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സ്ഥല സന്ദർശനം പദ്ധതി ആസൂത്രണം ചെയ്യുന്ന സമയത്ത് നടത്തിയിരുന്നുവെങ്കിൽ 2022-23വർഷത്തിൽ തന്നെ പദ്ധതി നടപ്പിലാക്കുവാൻ കഴിയുമായിരുന്നു. ആവശ്യകത ഉറപ്പു വരുത്തി കൃത്യമായ മുന്നൊരുക്ക പഠനം നടത്തിയതി നുശേഷം പദ്ധതി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണെന്ന കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. (IRTC ക്ക് നല്കിയ 1,06,400/ രൂപ 05-07-23ന് പഞ്ചായത്തു ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്). ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/ 27-11-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം ബൃഹത്തായ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ആവശ്യമായ മുന്നൊരുക്ക പഠനം നടത്തണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

### 1-36 ക്ഷീര കർഷകർക്ക് പാലിന് അധിക വില നല്കൽ-വ്യത്യസ്ത നിരക്കിൽ അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഡയറി എക്സ്റ്റൻഷൻ ഓഫീസർ
പ്രോജക്ടിന്റെ പേര് – ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ (174/23)
അടങ്കൽ – 2115000 രൂപ
ചെലവ് – 1869246 രൂപ

പഞ്ചായത്തു പരിധിയിലെ ക്ഷീര സഹകരണ സംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് അവർ അളക്കുന്ന ഓരോ ലിറ്റർ പാലിനും 3 രൂപ അധിക പാൽ വിലയായി നല്കുന്നതിനായുള്ള ഈ പ്രോജക്റ്റിൽ (SO174/23) 2023 ജനുവരിയിലെ അധിക പാൽ വിലയായി ചെറുതാഴം ക്ഷീര വ്യവസായ സഹകരണ സംഘത്തിൽ പാലളന്ന 232 കർഷകർക്ക് ഒരു ലിറ്റർ പാലിന് 3രൂപ നിരക്കിലും (₹101003/,ബിൽ നം.317/21-02-23&₹55213/,ബിൽ നം.367/15-03-23 എന്നിവ പ്രകാരം) ഏഴോം ക്ഷീര വ്യവസായ സംഘത്തിൽ പാലളന്ന 59കർഷകർക്ക് ഒരു ലിറ്റർ പാലിന് 1.32രൂപ നിരക്കിലുമാണ്(₹17878/,ബിൽ നം.366/15-03-23)അനുവദിച്ചിരിക്കുന്നത്. വ്യത്യസ്ത നിരക്കിൽ തുക അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.41/28-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യത്യസ്ത നിരക്കിൽ തുക അനുവദിച്ച കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു. പൊതുജനങ്ങൾക്ക് ലഭിക്കേണ്ടത ആനുകൂല്യം അവർക്ക് എന്തുകൊണ്ട് ലഭിച്ചില്ല എന്നതിനെപ്പറ്റി ഓഡിറ്റ് തിരക്കിയപ്പോൾ മറുപടി ഹാജരാക്കാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ നിലപാടിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്ട്രീറ്റ് ലൈറ്റ് എ.എം.സി -അധിക തുക അനുവദിച്ചു - 83000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് നമ്പർ | S0074/23 സ്പിൽ ഓവർ |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി കരാറിൽ ഏർപ്പെടൽ |
| എസ്റ്റിമേറ്റ് തുക | ₹4,50000 |
| അടങ്കൽ | ₹303200 തനത് ഫണ്ട് |
| ചെലവ് | ₹303200 |
| കരാറുകാരൻ | സി.ജെ. ജോസ് |
| കരാർ നിരക്ക് | 3,67000 |
| കരാർ തീയ്യതി | 13-10-2021 |

2021-22 സാമ്പത്തിക വർഷം ഭാഗികമായി നടപ്പിലാക്കിയ ഈ പ്രോജക്ടിൽ താഴെ ചേർക്കും പ്രകാരം ആദ്യ ഗഡു തുക കരാറുകാരന് അനുവദിച്ചിരുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 13/2022 |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ്ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി കരാറിൽ ഏർപ്പെടൽ |
| അടങ്കൽ | 450000 തനത് ഫണ്ട് |
| ചെലവ് | 146800 |
| ബിൽ നമ്പർ | 5109607201210045/7-2-2022 |

2021-22വർഷത്തിൽ ഈ പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ പ്രസ്തുത വർഷത്തേ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-20ൽ പരാമർശിച്ചിട്ടുണ്ട്. 2022-23 വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) കരാറുകാരനായ ശ്രീ. സി.ജെ. ജോസ് ടെണ്ടറിൽ ക്വോട്ട് ചെയ്തതും 12-10-2021ലെ ഭരണ സമിതി തീരുമാന പ്രകാരം (3/3/2021 നമ്പർ തീരുമാനം) അംഗീകരിച്ചതുമായ തുക 367000 ആയിരുന്നു. എന്നാൽ എഗ്രിമെന്റിൽ കരാർ തുകയായി രേഖപ്പെടുത്തിയത് 391500 രൂപയാണ്. (ഇത് യുണൈറ്റഡ് എനർജി സിസ്റ്റംസ്, തിരുവനന്തപുരം എന്ന സ്ഥാപനം ക്വോട്ട് ചെയ്ത തുകയാണ്.

2) ടെണ്ടർ പ്രകാരം കരാറുകാരന് 2022-23വർഷം അനുവദിക്കാൻ ബാക്കിയുണ്ടായിരുന്ന തുക 220200 രൂപയായിരുന്നു. (367000- 146800) എന്നാൽ ടിയാന് താഴെ ചേർക്കും പ്രകാരം തുകകൾ അനുവദിച്ചു.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയ്യതി | തുക |
|---|---|---|
| 1 | 80/30-07-22 | 117450 |
| 2 | 183/23-11-22 | 185750 |
| ആകെ | | 303200 |

മേൽ സൂചിപ്പിച്ചതു പ്രകാരം 83000 രൂപ (303200-220200) കരാറുകാരന് അധികം അനുവദിച്ചിട്ടുണ്ട്. ആയത് തിരിച്ചുപിടിക്കേണ്ടതാണ്.

3) കെ.എസ്. ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണവും തരവും നിർണ്ണയിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

4) രജിസ്റ്റർ ഓഫ് അൺസർവീസബിൾ ഐറ്റംസ്, പരാതി രജിസ്റ്റർ , റിപ്പയർ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-16/25-11-2023) കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതാണെന്നാണ് സെക്രട്ടറി മറുപടി നൽകിയത്. അധികം നൽകിയ 83000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 20.11.2023 & 21.11.2023 | കെ.എസ്.എ/കെ.എൻ.ആർ/ സി.2/1791/2023 തീയതി: 14.12.2023 |

## 4-2 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര്, നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 697000 | സമഗ്ര നെൽകൃഷി വികസനം 149/23 | 697000 | - |
| ടി | 160000 | ലൈഫ് മിഷൻ- ഭൂരഹിത ഭവന രഹിതർക്ക് ഭവന നിർമ്മാണം 93/23 | 160000 | - |
| ടി | 600000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും 141/23 | 600000 | - |
| ടി | 869246 | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ 174/23 | 869246 | - |
| ആകെ | 2326246 | | 2326246 | |
| ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 2336412 | സമഗ്ര നെൽകൃഷി വികസനം സ്പിൽ ഓവർ 80/23 | 2336412 | - |
| ടി | 1205402 | സമഗ്ര നെൽകൃഷി വികസനം 149/23 | 1205402 | |
| ടി | 153936 | സാന്ത്വന പരിചരണം | 153936 | - |
| ടി | 468012 | ലൈഫ് മിഷൻ- ഭൂരഹിത ഭവന രഹിതർക്ക് ഭവന നിർമ്മാണം 93/23 | 468012 | - |
| ടി | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും 141/23 | 200000 | - |
| ടി | 400000 | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ 174/23 | 400000 | - |
| ആകെ | 4763762 | | 4763762 | - |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | വികസന പ്രവൃത്തികൾക്ക് തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ-140/23) | 179/22-11-2022 | 96417 | 96417 | - |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ വലിക്കൽ മീറ്ററിംഗ് (പ്രോജക്ട് നമ്പർ- 142/23) | 277/8-02-2023 | 278103 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. | 278103 |
| കെ.എസ്.ഇ.ബി. | അറത്തിൽ പൊതു ശ്മശാനം റോഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ (പ്രോജക്ട് നമ്പർ-251/23) | 452/28-03-2023 | 95403 | 95403 | - |
| ഭൂജല വകുപ്പ്, | പടന്നപ്പുറം പഞ്ചായത്ത് ശ്മശാനം കുഴൽ കിണർ നിർമ്മാണം (പ്രോജക്ട് നമ്പർ-204/23) | 130/14.09.2022 | 97000 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. | 97000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല (711436 രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തു. വിശദാംശങ്ങൾ ഖണ്ഡിക 1-26-ൽ രേഖപ്പെടുത്തിയിട്ടുണ്ട്.)

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം /ഷെയർ | 43149894* |
| തൻവർഷം നിക്ഷേപിച്ച തുക (പുതിയ നിക്ഷേപങ്ങൾ) | ഇല്ല |
| തൻവർഷം നിക്ഷേപിച്ച പലിശ | 786651 |
| ആകെ | 43936545 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 43936545 |

*2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള നീക്കിയിരിപ്പ് 43005849 ആയിരുന്നു. എന്നാൽ പരിഷ്കരിച്ച ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം മാടായി കോ ഓപ്പറേറ്റീവ് റൂറൽ ബാങ്കിലെ നീക്കിയിരിപ്പ് 2130872 ആണ്.

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | വിശദാംശങ്ങൾ | തുക , പലിശ നിരക്ക് |
|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് ചെറുതാഴം ശാഖ | 40423201399235/5.07.2014(വർഷം തോറും പുതുക്കുന്നു) | 191159<br>(184265+6894)<br>(5.25% പലിശ)<br>കാലാവധി തീയ്യതി- 29-07-2023) |
| 2 | ചെറുതാഴം സർവ്വീസ് സഹകരണ ബാങ്ക്,മണ്ടൂർ | 0302121401179/05.03.19(46 ദിവസം കൂടുമ്പോൾ പുതുക്കുന്നു) | 11450680<br>(10814757+635923)<br>6.5 % പലിശ നിലവിലുള്ളത്<br>അടുത്ത കാലാവധി തീയ്യതി- 1-5-2023 |
| 3 | മാടായി കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക് | 0202111128184/17.12.14(വർഷം തോറും പുതുക്കുന്നു) | 2274706<br>(2130872+143834)<br>അടുത്ത കാലാവധി തീയ്യതി- 17-12-2023 |
| 4 | സെൻട്രൽ ബാങ്ക് | 5182411711/30.12.21(വാർഷികമായി പലിശ തനത് ഫണ്ടിൽ വരവ് വയ്ക്കുന്നു,) | 3,00,00,000 (6.75 %) |
| ആകെ | | | 43916545 |

ഷെയറുകളുടെ വിവരം

| ക്രമ നമ്പർ | സ്ഥാപനം | തുക | നമ്പർ |
|---|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ | 20000 | ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 4397, തീയതി 13.03.2015 ബി |

| | | | |
|---|---|---|---|
| | ഓപ്പറേറ്റീവ് ലിമിറ്റഡ് | | ക്ലാസ് ഷെയർ |
| ആകെ ഷെയറുകൾ | | 20000 | |
| ആകെ (സ്ഥിര നിക്ഷേപങ്ങൾ+ ഷെയറുകൾ) | | 43936545 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ലഡ്ജർ,ഓഡിറ്റ് റിപ്പോർട്ട് എന്നിവ പരിശോധിച്ചാണ് തുകയുടെ കൃത്യത ഉറപ്പുവരുത്തിയിരിക്കുന്നത്. ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 33426/ രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. ലഡ്ജർ, ഓഡിറ്റ് റിപ്പോർട്ട് എന്നിവ പരിശോധിച്ചാണ് തുകയുടെ കൃത്യത ഉറപ്പുവരുത്തിയിരിക്കുന്നത്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2010-11& 2011-12 | 3-22 | 5986 | ശ്രീ.രാജൻ കെ, എ.ഇ(റിട്ട) | 1220104323/01.10.22 |
| 2019-20 | 3-1 | 27440 | ശ്രീമതി.രമ കുറ്റിക്കാട്ടിൽ ഐസിഡിഎസ് സൂപ്പർവൈസർ | 1220103348/19.09.22 |
| ആകെ | | 33426 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 2-30 | 2001-02 | V-13-2 | പോഷകാഹാര വിതരണ പദ്ധതി ചെലവ് | പരാമർശം നിലനില്ക്കുന്നു |
| 2014-15 | 2-7 | 2016-17 | 2 | തൊഴിൽ നികുതി | ,, |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-1,2-2 | 2016-17 | 2 | ,, | ,, |
| 2016-17 | 2-1 | 2017-18 | 1-13(3) | സർക്കാർ അനുമതിയില്ലാതെയും രേഖാമൂലമല്ലാതെയും പഞ്ചായത്ത് സ്ഥലം ഡി.ടി.പി.സി(കണ്ണൂർ) ന് കൈമാറി. "വിപ്ര കായൽ ഫ്ലോട്ടിംഗ് പാർക്ക് " നടത്തിപ്പ്- നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെ. | തുടരുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹72308145 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹48644361 |
| വരവിനങ്ങളിലുള്ള നഷ്ടം | : | കണക്കാക്കിയിട്ടില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹83000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹2666463 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 83000 | ശ്രീ.പ്രേമൻ പികെ ,സെക്രട്ടറി |
| ആകെ തുക | 83000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 100000 | ശ്രീ.പ്രേമൻ പികെ ,സെക്രട്ടറി |
| 1-17 | 65800 | ശ്രീമതി ലത എം.വി., ഹെഡ്മിസ്ട്രസ് |
| 1-20 | 497893 | ശ്രീ.രഞ്ജിത്ത് കുമാർ ടി,മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) |
| 1-22 | 20308 | ശ്രീമതി.ശബ്ന പി ,ഐ സിഡി എസ് സൂപ്പർവൈസർ |
| 1-23 | 19700 | ശ്രീമതി പ്രവ്യാ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-24 | 523417 | ഡോ.പ്രവ്യ,മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-27 | 100000 | ശ്രീമതി.ലത എം പി ,ഹെഡ്മിസ്ട്രസ് |

| | | |
|---|---|---|
| 1-28 | 146148 | ശ്രീ.പ്രേമൻ പികെ ,സെക്രട്ടറി |
| 1-29 | 367000 | ശ്രീ. പ്രേമൻ പി.കെ., സെക്രട്ടറി |
| 1-30 | 375103 | ₹278103/-ശ്രീ.പ്രേമൻ പികെ,സെക്രട്ടറി ₹97000/-ശ്രീ.സതീശൻ കെ വി, സെക്രട്ടറി |
| 1-34 | 451094 | ശ്രീ. പ്രേമൻ പി.കെ., സെക്രട്ടറി |
| ആകെ തുക | 2666463 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.രഞ്ജിത്ത് കുമാർ ടി,മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) | മെഡിക്കൽ ഓഫീസർ പി എച്ച് സി കുഞ്ഞിമംഗലം | ശ്രാവണം എടാട്ട് പി.ഒ.എടാട്ട് |
| ശ്രീമതി.ലത എം പി ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്,ജിഎംയുപി സ്കൂൾ,ഏഴോം | അഞ്ജനം, മുക്കന്ന്,കുപ്പം, തളിപ്പറമ്പ |
| ശ്രീ.സതീശൻ കെ വി സെക്രട്ടറി | ഐ വി ഒ,ജെ ഡി ഓഫീസ് , കണ്ണൂർ | ഇന്ദീവരം, വെള്ളൂർ |
| ശ്രീ.പ്രേമൻ പി കെ സെക്രട്ടറി | സെക്രട്ടറി മാടായി ഗ്രാമ പഞ്ചായത്ത് | എൻ ജി ഒ ക്വാർട്ടേഴ്സ് കണ്ണൂർ |
| ഡോ.പ്രവ്യ,മെഡിക്കൽ ഓഫീസർ(ഹോമിയോ) | മെഡിക്കൽ ഓഫീസർ(ഹോമിയോ) ശ്രീസ്ഥ | കൃഷ്ണകൃപ, കോലത്തുകര, കൊയിലാണ്ടി |
| ശ്രീമതി.ശബ്ന പി , ഐസിഡിഎസ് സൂപ്പർവൈസർ | ഐസിഡിഎസ് സൂപ്പർവൈസർ ചെറുതാഴം | ഡ്രീം കോട്ടേജ്, മച്ചക്കളം, കുരുവാട്ടൂർ, കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|

| വർഷം | | |
|---|---|---|
| 1998-99 | കെ എസ് എ/ കെ എൻ ആർ/ സി2-1421/2022 തീയതി 10.10.22 | 1 |
| 1999-2000 | കെ എസ് എ/ കെ എൻ ആർ/ സി2-1421/2022 തീയതി 10.10.22 | 1 |
| 2003-04 | കെ എസ് എ/ കെ എൻ ആർ/ സി2-1421/2022 തീയതി 10.10.22 | 5 |
| 2004-05 | കെ എസ് എ/ കെ എൻ ആർ/ സി2-1421/2022 തീയതി 10.10.22 | 2 |
| 2005-06 | കെ എസ് എ/ കെ എൻ ആർ/ സി2-1421/2022 തീയതി 10.10.22 | 1 |
| 2007-08 | കെ എസ് എ/ കെ എൻ ആർ/ സി2-1421/2022 തീയതി 10.10.22 | 4 |
| 2008-09 | കെ എസ് എ/ കെ എൻ ആർ/ സി2-1421/2022 തീയതി 10.10.22 | 3 |
| 2009-10 | കെ എസ് എ/ കെ എൻ ആർ/ സി2-1421/2022 തീയതി 10.10.22 | 4 |
| 2010-11,11-12 | കെ എസ് എ/ കെ എൻ ആർ/ സി2-1421/2022 തീയതി 10.10.22 | 12 |
| 2012-13,13-14 | കെ എസ് എ/ കെ എൻ ആർ/ സി2-1421/2022 തീയതി 10.10.22 | 1 |
| 2014-15 | കെ എസ് എ/ കെ എൻ ആർ/ സി2-1421/2022 തീയതി 10.10.22 | 5 |
| 2015-16 | കെ എസ് എ/ കെ എൻ ആർ/ സി2-1421/2022 തീയതി 10.10.22 | 8 |
| 2016-17 | കെ എസ് എ/ കെ എൻ ആർ/ സി2-1421/2022 തീയതി 10.10.22 | 7 |
| 2017-18 | കെ എസ് എ/ കെ എൻ ആർ/ സി2-1421/2022 തീയതി 10.10.22 | 6 |
| 2018-19 | കെ എസ് എ/ കെ എൻ ആർ/ സി2-1421/2022 തീയതി 10.10.22 | 4 |
| 2019-20 | കെ എസ് എ/ കെ എൻ ആർ/ സി2-1398/2022 തീയതി 09.01.23 | 44 |
| 2020-21 | കെ എസ് എ/ കെ എൻ ആർ/ സി2-912/22 തീയതി 27.07.22 | 18 |
| 2021-22 | കെ എസ് എ/ കെ എൻ ആർ/ സി2-120/23 തീയതി 13.03.23 | 34 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 01/2023 dated 20-07-2023 and submitted on 21-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Cheruthazham Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Cheruthazham Grama Panchayat for the year 2022-2023

Date: 14/12/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Cheruthazham Grama Panchayat for the Year 2022-2023 .

**1.Major Observations**

All assets are not included in the AFS

**2.Other Observations**

1) The closing balance of Distress relief fund in B5 Shedule differs from figures as per B17 and RP 40 (b) Shedules.

2) Basic ratios under rule 62 (f) of the Kerala Panchayath Raj Accounts Rules, 2011 not included with the annual financial statement.

3) Net increase/decrease in cash flow do not match with difference between OB & CB of cash and cash equivalents

4) Receipt of Building permit is do not match with the Demand Register

5) Closing Balance of Fixed Deposit does not match with Investment Register.

6) Amount of Marriage Assistance was not included in the AFS.

7) All balance amounts are not included in B18 Shedule.

8) Details on the amount of Rs.37800 (320100999 Other Liabilities) Shown in B4 Shedule were not produced for audit.

9) Details on depreciation not produced for audit

10) Rent demand register is not completed and attested
11) The panchayath has not availed any loan but an amount of Rs. 711436 was deducted at source in this regard from divelopment fund generals and SCP

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

1. RECEIPT & PAYMENT STATEMENT

| Cheruthazham Grama Panchayat RECEIPT & PAYMENT STATEMENT For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 30964916.00 |
| Cash | Cash | RP-40(a) | 422118.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2078870.00 |
| 140000000 | Fees & User Charges | RP-4 | 20874641.00 |
| 150000000 | Sale & Hire Charges | RP-5 | 282621.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 14691000.00 |
| 171000000 | Interest Earned | RP-9 | 1346082.00 |
| 190000000 | Prior Period Income | RP-11 | 53333.00 |
| 230000000 | Operations & Maintenance | RP-14 | 240.00 |
| 311000000 | Earmarked Funds | RP-28 | 123623.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 15396806.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-45 | 14724785.00 |
| 460000000 | Loans, Advances and Deposits | RP-49 | 214864.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 645625.00 |
| 340000000 | Deposits Received | RP-33 | 96358.00 |
| 350000000 | Other Liabilities | RP-35 | 1779297.00 |
| | Grand total | | 103695179.00 |
| | PAYMENTS | | |
| | Operating | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 15469.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 7157571.00 |
| 460000000 | Loans, Advances and Deposits | RP-49 | 358046.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 42918.00 |
| 350000000 | Other Liabilities | RP-35 | 41070357.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 55050818.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | 103695179.00 | |

2. INCOME & EXPENDITURE STATEMEN T

Cheruthazham Grama Panchayat INCOME & EXPENDITURE STATEMENT
For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 12410096.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 2916208.00 |
| 140000000 | Fee & User Charges | I-4 | 21522348.00 |
| 150000000 | Sale & Hire Charges | I-5 | 282621.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 179475834.00 |
| 170000000 | Income from Investments | I-7 | 876007.00 |
| 171000000 | Interest Earned | I-8 | 1346082.00 |
| 180000000 | Other Income | I-9 | 0.0 |
| 190000000 | Prior Period Income | I-19 | 62449.00 |
| | Total Income | | 218829196.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12887282.00 |
| 220000000 | Administrative Expenses | I-11 | 1044793.00 |
| 230000000 | Operations & Maintenance | I-12 | 1428336.00 |
| 240000000 | Interest & Finance Charges | I-13 | 2249.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12961109.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 34130945.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 3152974.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 33885720.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 62907400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 444000.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 48119.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 101717926.00 |
| | Total Expenditure | | 264610853.00 |
| | Gross Surplus / Deficit of income over Expenditure | | -45781657.00 |
| | Gross Surplus / Deficit of income over Expenditure | | -45844106.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 0.0 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 62449.00 |

3. BALANCE SHEET

| Cheruthazham Grama Panchayat BALANCE SHEET<br>As on 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |

| | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 44071335.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 148545.00 |
| 312000000 | Reserves | B-3 | 73779625.00 |
| | Total Reserve & Surplus | | 117999505.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 15465269.00 |
| | Total Grants, Contributions for Specific Purposes | | 15465269.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 3745683.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3802018.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 7547701.00 |
| | TOTAL LIABILITIES | | 141012475.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 5451019.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 5170569.00 |

| | | | |
|---|---|---|---|
| | | | |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 8494700.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 197741187.00 |
| 416000000 | Accumulated Depreciation | B-11(a) | -185072672.00 |
| | Total Fixed Assets | | 31784803.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 43377008.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 43377008.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 7640857.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 55050818.00 |
| 460000000 | Loans, Advances and Deposits | B-18 | 3158989.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 65850664.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |

| | | |
|---|---|---|
| | Total Miscellaneous Expenditure (To the Extent not written off) | 0.0 |
| | TOTAL ASSETS | 141012475.00 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ